
# അക്ഷരജാലകം

2025-26



# ആമുഖം

ഒരു വിദ്യാലയം എന്നാൽ അത് നിലനിൽക്കുന്ന നാടിന്റെ ശ്രേയസ്സുയർത്തുന്ന അഭിമാനസ്തംഭവും, സാംസ്ക്കാരിക പൈതൃക മുദ്രയുമാണ്. ആ വിദ്യാലയത്തിന്റെ സമ്പത്ത് അവിടെനിന്നും വിജ്ഞാനത്തിന്റെ ആദ്യപാഠങ്ങൾ ഗ്രഹിച്ച് മുന്നേറി ജീവിത വിജയത്തിന്റെ വിഭിന്നമേഖലകൾ കീഴടക്കിയ സന്താനങ്ങളാണ്. അവരിൽ ഡോക്ടർമാരും, എഞ്ചിനീയർമാരും, വക്കീലന്മാരും, പോലീസുകാരും, അധ്യാപകരും, ബിസിനസ്സുകാരും, കർഷകരും, തൊഴിലാളികളുമെല്ലാം ഉൾപ്പെടും. ചൂലിശ്ശേരി, നാരായണത്തറ, കോളങ്ങാട്ടുകര എന്നീ പ്രദേശങ്ങളിലായി ആയിരത്തിലേറെ പേർ ഈ വിദ്യാലയത്തിന്റെ പൂർവവിദ്യാർത്ഥികളായുണ്ട്.

സ്വന്തം കുടുംബത്തേയും മാതാപിതാക്കളേയും സംരക്ഷിക്കുന്നതുപോലെ നാം ഓടിക്കളിച്ചും വാടിത്തളർന്നും സൗഹൃദം പങ്കിട്ടും വിജ്ഞാനമധുരം നുകർന്നും മുന്നേറിയ നമ്മുടെ പ്രിയ വിദ്യാലയത്തിന്റെ ദുരവസ്ഥ മാറ്റി, ഒളി മങ്ങാതെ ജ്വലിക്കുന്ന അക്ഷര ജ്യോതിസ്സായി ഈ വിദ്യാലയത്തെ നവീകരിക്കുന്ന മാനസിക സാംസ്ക്കാരിക കടമകൾക്കായി നമ്മൾ ഒത്തുചേരേണ്ടതുണ്ട്. ഈ വിദ്യാലയത്തിന്റെ പൂർവകാല പ്രതാപം വീണ്ടെടുത്ത് നിലനിർത്താൻ രൂപഘടനയിലും പ്രവർത്തനരീതിയിലും എന്തൊക്കെ നവീകരണങ്ങളും പരിഷ്ക്കാരങ്ങളും വഴി കഴിയും? അതിന് നാമോരോരുത്തർക്കും എന്ത് ചെയ്യാൻ കഴിയും? എന്ന ആലോചനയോടെ അക്കാദമിക മാസ്റ്റർ പ്ലാൻ ഏവരുടേയും അറിവിലേയ്ക്കായി സമർപ്പിക്കുന്നു.

# കാഴ്ചപ്പാട്

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിദ്യാലയത്തെ മികവിന്റെ കേന്ദ്രമാക്കി മാറ്റും. ഇതിന്റെ ഭാഗമായി ഓരോ കുട്ടിയുടെ കഴിവും അതത് പ്രായത്തിനനുസരിച്ച് അക്കാദമികമായി ഏറ്റവും ഉയർന്ന തലത്തിലേക്ക് എത്തിക്കുന്നതിന് സ്കൂളിൽ എത്തിച്ചേരുന്ന എല്ലാ കുട്ടികൾക്കും അതത് ക്ലാസ്സിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തും. കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവും കായികവുമായ കഴിവും പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാന ദേശീയ അന്തർദേശീയ തലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കാൻ പ്രാപ്തരാക്കും. കാമ്പസ് ഒരു പാഠപുസ്തകമെന്ന കാഴ്ചപ്പാടിൽ ഓരോ കാമ്പസും ജൈവ വൈവിധ്യ ഉദ്യാനമാക്കി മാറ്റും. പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിഗണനന ഉറപ്പാക്കും. പ്ലാസ്റ്റിക് മുക്ത കീടനാശിനി മുക്ത കാമ്പസ് യാഥാർത്ഥ്യമാക്കും. കാർഷിക സംസ്കാരം വളർത്തിയെടുക്കും. ക്ലാസ്സ് മുറികൾ സ്മാർട്ടാക്കും. അവസര തുല്യത, സാമൂഹ്യ നീതി, ഗുണത എന്നിവ ഉറപ്പാക്കുന്ന പഠനപരിസരവും പഠന അന്തരീക്ഷവും വികസിപ്പിക്കും. ആധുനിക സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തിയുള്ള മികച്ച പഠനത്തിനായി എല്ലാ സംഘർഷത്തിനും പിരിമുറുക്കത്തിനും അയവു വരുത്താനുള്ള കൗൺസലിങ്ങ് സൗകര്യം ഉറപ്പാക്കും. കുട്ടികൾക്ക് മാതൃഭാഷ, ഇംഗ്ലീഷ് എന്നിവ അനായാസമായി കൈകാര്യം ചെയ്യാനുള്ള കഴിവുണ്ടാക്കും. കലാകായിക പ്രവൃത്തി പരിചയ വിദ്യാഭ്യാസത്തിന് സംഖ്യാബോധം, ചതുഷ് ക്രിയകൾ, ജ്യാമിതീയ രൂപങ്ങൾ, അളവുകൾ, സമയം എന്നിവയിൽ എല്ലാ കുട്ടികളെയും ഉയർന്ന നിലയിലെത്തിക്കും. നിരീക്ഷണം, പരീക്ഷണം, വർഗ്ഗീകരണം, താരതമ്യം, അപഗ്രഥനം, നിഗമനം എന്നീ മേഖലകളിൽ കുട്ടികളെ പ്രാപ്തരാക്കും. മുൻകൂട്ടി തയ്യാറാക്കിയ ഫോർമാറ്റ് ഉപയോഗിച്ച് ഓരോ കുട്ടികളുടെയും അഭിരുചി കണ്ടെത്തി കുട്ടികളെ ഉയർന്ന നിലവാരത്തിലെത്തിക്കും. പി.ടി.എ, സി. പി.ടി.എ, എം.പി.ടി.എ, എസ്.ആർ.ജി, എസ്.എസ്.ജി, ഒ.എസ്.എ, പൂർവ്വ അധ്യാപകർ, അഭ്യുദയകാംക്ഷികൾ, തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ, ജനപ്രതിനിധികൾ, അംഗനവാടികൾ എന്നിവരുടെ സഹായം ഉറപ്പാക്കും.

# പൊതുലക്ഷ്യങ്ങൾ

## ഗുണമേന്മയുള്ള വിദ്യാഭ്യാസം ഉറപ്പാക്കുക

സമഗ്ര വികസനത്തിലൂടെ പൂർണ്ണമായും ശിശുകേന്ദ്രീകൃതവും ഗുണമേന്മയുള്ളതുമായ വിദ്യാഭ്യാസം എല്ലാ കുട്ടികളിലും ഉറപ്പുവരുത്തും. അതായത് പാഠ്യപാഠ്യേതരമികവ് ഉയർത്തുന്നതിനാവശ്യമായ ഭൗതിക, മാനസിക, സാംസ്കാരിക സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കും.

## ശിശുസൗഹൃദപരിസ്ഥിതിസൗഹൃദ വിദ്യാലയം നടപ്പിൽ വരുത്തും

ഓരോ ക്ലാസിലെയും പഠനനേട്ടങ്ങളുമായി ബന്ധപ്പെടുത്തി ക്ലാസ് മുറികൾ ആകർഷകമാക്കാൻ വായനാമൂല, ഗണിതമൂല, ശാസ്ത്രമൂല, മാജിക് വാൾ, സർഗചുവർ, ചുമർ ബോർഡുകൾ എന്നിവ സജ്ജീകരിക്കും.

## സമഗ്ര പോഷകാഹാര പരിപാടി നടപ്പിലാക്കും

ധാന്യങ്ങൾ, പയറുവർഗ്ഗങ്ങൾ, പച്ചക്കറികൾ, ഇലക്കറികൾ, പഴങ്ങൾ, പാൽ, മുട്ട എന്നിവ ഉൾപ്പെടുത്തി പോഷക സമൃദ്ധമായ ഭക്ഷണം ഉറപ്പാക്കും.

## സമഗ്ര ആരോഗ്യ പരിപാടി

ശുചിത്വക്ലബ്ബിന്റെ മേൽനോട്ടത്തിൽ വ്യക്തിശുചിത്വം, പരിസരശുചിത്വം എന്നിവയിലൂടെ സമഗ്ര ആരോഗ്യം ഉറപ്പാക്കുന്നതിനുവേണ്ടി വ്യായാമം, യോഗ, വിവിധതരം കളികൾ, ശുചിത്വബോധവൽക്കരണ ക്ലാസുകൾ എന്നിവ നടപ്പിലാക്കും, കായിക പഠനം ഉറപ്പുവരുത്തുന്നതിനായി അധ്യാപകരെ നിയമിക്കാൻ സംസ്ഥാന സർക്കാരിന്റെ സഹായം തേടാൻ തീരുമാനിച്ചു.

## ഐ.സി.ടി.യിൽ അധിഷ്ഠിതമായ വിദ്യാഭ്യാസം ഉറപ്പുവരുത്തും

ഓരോ വിഷയത്തിലും പഠനനേട്ടവുമായി ബന്ധപ്പെടുത്തിക്കൊണ്ട് സി.ഡി. വീഡിയോ, ക്ലിപ്പിങ്ങ്, കളികൾ, ഒറിഗാമി എന്നിവ ഐ.സി.ടി. സാധ്യത ഉപയോഗിച്ച് കണ്ടും കേട്ടും ചെയ്തും പഠിക്കാനുള്ള അവസരം നൽകും.

## ജൈവവൈവിധ്യ പാർക്ക്

നമ്മുടെ ചുറ്റുപാടുമുള്ള പലതരം ഔഷധസസ്യങ്ങളെ പരിചയപ്പെടാനും അവയുടെ ഗുണങ്ങൾ മനസ്സിലാക്കി പ്രായോഗിക ജീവിതത്തിൽ പ്രയോജനപ്പെടുത്താനായി ഔഷധ ഉദ്യാനത്തിലൂടെ അവസരം ഒരുക്കും.

## നക്ഷത്രവനം പൂന്തോട്ടം ഒരുക്കൽ

ഓരോ ജന്മനക്ഷത്രവുമായി ബന്ധപ്പെട്ട വൃക്ഷങ്ങളെക്കുറിച്ച് കുട്ടികൾക്ക് മനസ്സിലാക്കാനും അവയെ പരിപാലിക്കുന്നതിനുമുള്ള അവസരം ഉണ്ടാക്കും. വിവിധതരത്തിലുള്ള ചെടികൾ ഉൾപ്പെടുത്തി പൂന്തോട്ടം നിർമ്മിക്കലിലൂടെ വിവിധതരത്തിലും രൂപത്തിലുമുള്ള പുക്കൾ പൂന്തോട്ടത്തിൽ എത്തുന്ന വിവിധ തരത്തിലുള്ള ജീവികളെ നിരീക്ഷിക്കാനും അറിയുന്നതിനുമുള്ള അവസരം ഒരുക്കും.

## വിദ്യാലയത്തിന്റെ ലഘുചരിത്രം

1940 ലാണ് ചൂലിശ്ശേരി ഷൺമുഖ മെമ്മോറിയൽ എൽ.പി.സ്ക്കൂൾ സ്ഥാപിച്ചത്. ഇതിനുമുമ്പ് ഇവിടത്തെ കുട്ടികൾ നാലഞ്ചു കിലോമീറ്ററോളം നടന്ന് ദൂരെയുള്ള സ്ക്കൂളുകളിൽ എത്തിയാണ് പഠിച്ചിരുന്നത്. ചിലർ സമീപത്തുള്ള കളരിയിൽ പോയി. പലരും വിദ്യാഭ്യാസം അത്ര ആവശ്യമായി ഗൗനിച്ചിരുന്നില്ല. ഈ ഗ്രാമത്തിന്റെ ഏകദേശം മുക്കാൽഭാഗവും കൃഷിയിടങ്ങളാണ്. കൃഷിപ്പണിയിലും വീട്ടുവേലകളിലും ആബാലവൃദ്ധം ജനങ്ങളും ഏർപ്പെട്ടു. സവർണർ സ്വന്തം വീട്ടിൽ ഗുരുവിനെ ഏർപ്പെടുത്തി വിദ്യാഭ്യാസം നേടിയിരുന്നു.

അവണൂർ പഞ്ചായത്തിലെ ചൂലിശ്ശേരി ദേശത്ത് നാലാം വാർഡിലാണ് സ്ക്കൂൾ ആദ്യം സ്ഥാപിച്ചത്. ഷൺമുഖ മെമ്മോറിയൽ ലോവർ പ്രൈമറി സ്ക്കൂൾ ചൂലിശ്ശേരി എന്നാണ് ഇതിന്റെ മുഴുവൻ പേര്. തുടക്കം ഒരു ഓലഷെഡിലായിരുന്നു. പിന്നീട് ഇന്നിരിക്കുന്ന നാരായണത്തറ ദേശത്തേക്ക് മാറ്റി സ്ഥാപിച്ചു. ഓടുമേഞ്ഞ കെട്ടിടമാക്കി. തുടക്കത്തിൽ ഒന്നുമുതൽ അഞ്ചുവരെയുള്ള ക്ലാസ്സുകളായിരുന്നു. പിന്നീട് അഞ്ചാം ക്ലാസ്സ് നിർത്തൽ ചെയ്തു. ഒന്നാംക്ലാസ്സ് നാലുഡിവിഷനുകളും മറ്റുള്ളവ മൂന്നു ഡിവിഷനുകൾ വീതവുമായിരുന്നു. പിന്നീട് ഒരു തുന്നൽ ക്ലാസ്സും പാട്ടുക്ലാസ്സും അനുവദിച്ചു. എന്നാൽ ഇന്ന് ഓരോ ക്ലാസ്സും ഓരോ ഡിവിഷൻ മാത്രമാണ് ഉള്ളത്. സ്പെഷലിസ്റ്റ് അധ്യാപകർ ആരുംതന്നെ ജോലി ചെയ്യുന്നില്ല.

ചൂലിശ്ശേരി, നാരായണത്തറ, കോളങ്ങാട്ടുകര എന്നീ ദേശങ്ങളിലെ കുട്ടികൾക്ക് നടന്നെത്താവുന്ന ദൂരമേ ഈ സ്ക്കൂളിലേക്കുള്ളൂ. പി.ടി.എ, എം.പി.ടി.എ, എസ്.എസ്.ജി, എസ്.ആർ.ജി. പലതരത്തിലുള്ള ക്ലബ്ബുകൾ, ഉച്ചഭക്ഷണക്കമ്മിറ്റി എന്നിവയും പ്രവർത്തിക്കുന്നു. സ്ക്കൂളിന്റെ പൂർവ്വവിദ്യാർത്ഥികൾ പലരും ഉന്നത സ്ഥാനത്തെത്തിയിട്ടുണ്ട്. സ്ക്കൂളിലെ പ്രവേശനോത്സവം എല്ലാ വർഷവും ഗംഭീരമായിത്തന്നെ ആഘോഷിക്കുന്നു. സ്ക്കൂൾ വാർഷികം, വിശേഷ ദിനങ്ങൾ എന്നിവ ഭംഗിയായി ആചരിച്ചുവരുന്നു. കുട്ടികൾക്ക് അവരുടെ പഠനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സി.ഡികൾ കംപ്യൂട്ടറിൽ കാണിച്ചുകൊടുക്കുന്നു.

ലൈബ്രറി പുസ്തകങ്ങൾ എല്ലാ ആഴ്ചയും കുട്ടികൾക്ക് വായിക്കുന്നതി നായി കൊടുക്കുന്നു. കൂടാതെ അമ്മ വായനയും പ്രോത്സാഹിപ്പിക്കുന്നുണ്ട്. എല്ലാ പഠനപ്രവർത്തനങ്ങളിലും കൂടാതെ പാഠ്യേതര പ്രവർത്തനങ്ങളിലും കുട്ടികളെ പങ്കെടുപ്പിക്കുന്നുണ്ട്.

യാത്രാക്ലേശമില്ലാതെ കൊച്ചുകുട്ടികൾക്ക് എത്തിച്ചേരാൻ ഒരു സ്കൂൾ. ഇത് സ്ഥാപിക്കാൻ കഠിന പ്രയത്നം തന്നെ വേണ്ടിവന്നിട്ടുണ്ട്. ഈ നാട്ടിലെ നിർധന രായ കുട്ടികൾ അവരുടെ വിദ്യാഭ്യാസത്തിന് ഇന്നും ആശ്രയിക്കുന്നത് ഈ സ്ക്കൂളിനെ തന്നെയാണ്. അതുകൊണ്ട് ഈ നാട്ടിലെ പാവപ്പെട്ടവരുടെ വിദ്യാ ഭ്യാസ പുരോഗതിക്ക് ഈ സ്ക്കൂൾ അത്യാവശ്യമാണ്.

## ഭാഷാ പഠനം

### ലക്ഷ്യങ്ങൾ

- ജന്മസിദ്ധമായ ചിന്താശേഷികളും ഭാഷാപഠനശേഷികളും ഉപയോഗപ്പെടുത്തുന്നു.
- കുട്ടികളുടെ മാതൃഭാഷാ നിലവാരം ഉയർത്തും
- സർഗാത്മക രചനകളിൽ ഏർപ്പെടുവാൻ കുട്ടികൾക്ക് അവസരമൊരുക്കി രചനകൾ പൊതുസമൂഹവുമായി പങ്കുവെയ്ക്കും.
- കുട്ടികളുടെ നിലവാരം പരിഗണിച്ചുകൊണ്ടുള്ള വായനാസാമഗ്രികളുടെ ശേഖരണവും നിർമ്മാണവും.
- പ്രാദേശിക വിഭവങ്ങളെ സർഗാത്മകമായ പ്രവർത്തനങ്ങളിൽ ഉപയോഗിക്കും.
- നമുക്കു ചുറ്റുമുള്ള എല്ലാറ്റിനേയും സ്നേഹിക്കുന്നതിലൂടെ നാം ജീവിക്കുന്ന ലോകത്തെ സുന്ദരമാക്കാൻ കഴിയുമെന്ന് ബോധ്യപ്പെടുന്നു.
- വേദനിക്കുന്നവരെയും ദുരിതമനുഭവിക്കുന്നവരെയും സ്നേഹിക്കാനും സഹായിക്കാനും നമുക്ക് കഴിയേണ്ടതുണ്ട് എന്ന മനോഭാവം വളർത്തുന്നു.
- വനങ്ങൾ പ്രകൃതിയിലെ പ്രധാനപ്പെട്ട ജൈവകേന്ദ്രമാണെന്നും അത് സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണെന്നും ബോദ്ധ്യപ്പെടുന്ന. പ്രകൃതി/വനസംരക്ഷണ പ്രവർത്തനങ്ങൾക്കു സന്നദ്ധത പ്രകടിപ്പിക്കും.
- വിവിധ ആഘോഷവുമായി ബന്ധപ്പെട്ട ആചാരങ്ങളുടെയും അനുഭവങ്ങളുടെയും വിശ്വാസങ്ങളുടെയും മഹത്ത്വം തിരിച്ചറിഞ്ഞ് അവ സംരക്ഷിക്കാനുള്ള മനോഭാവം വളർത്തുന്നു.
- പഴയകാല കാർഷിക സംസ്കൃതിയുടെ ചരിത്രവും വർത്തമാനവും തിരിച്ചറിഞ്ഞ് രചനകൾ നിർവഹിക്കും.
- പ്രകൃതിയിലെ സർവചരാചരങ്ങളും ഒരുതരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ നമ്മെ പലതും പഠിപ്പിക്കുന്നുണ്ട് എന്ന് തിരിച്ചറിഞ്ഞ് സഹജീവി സ്നേഹം വളർത്തും.

- നമ്മുടെ പഴയ ഭക്ഷണസംസ്ക്കാരം ആരോഗ്യസംരക്ഷണത്തിന് ഏറെ ഉത്തമമായിരുന്നു എന്ന് അറിയുന്നു. പുതിയ ശീലങ്ങളുമായി താരതമ്യം ചെയ്യും.
- കേരളീയ കലകൾ സംരക്ഷിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമുള്ള മനോഭാവം വളർത്തും.
- ഓരോ പ്രദേശത്തിനും തനതായ കലാരൂപമുണ്ടെന്നു തിരിച്ചറിഞ്ഞ് സവിശേഷതകൾ കണ്ടെത്തി കുറിപ്പുകൾ തയ്യാറാക്കും.
- പ്രപഞ്ച വിസ്മയങ്ങൾ ആസ്വദിക്കാനും അവയോട് ആദരവ് പ്രകടിപ്പിക്കാനും അവയെക്കുറിച്ച് ലഘുവിവരണങ്ങൾ തയ്യാറാക്കാനും ചർച്ചകളിൽ അവതരിപ്പിക്കാനും കഴിയുന്നു.
- പ്രകൃതി ദൃശ്യങ്ങൾ, മറ്റു കാഴ്ചകൾ എന്നിവ വർണ്ണിച്ചെഴുതാൻ കഴിയുന്നു.
- കായിക വിനോദത്തിന്റെ സവിശേഷതകൾ ഉൾപ്പെടുത്തി വിവരണം തയ്യാറാക്കും.

# ഇംഗ്ലീഷ് ഭാഷാ പഠനം

## ലക്ഷ്യങ്ങൾ

- ഇംഗ്ലീഷ് ഭാഷ ആർജിക്കാനും ആശയവിനിമയം നടത്താനുമുള്ള ജന്മസിദ്ധമായ കഴിവ് നേടും.
- എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ള ശേഷി വികസിപ്പിക്കും.
- ജന്മസിദ്ധമായ ചിന്താശേഷികളും ഇംഗ്ലീഷ് ഭാഷാപഠനശേഷികളും ഉപയോഗപ്പെടുത്തും.
- കുട്ടികളുടെ ഇംഗ്ലീഷ്ഭാഷാ നിലവാരം ഉയർത്തും.
- കുട്ടികളുടെ നിലവാരം പരിഗണിച്ചുകൊണ്ടുള്ള വായനാസാമഗ്രികളുടെ ശേഖരണവും നിർമ്മാണവും.
- വേദനിക്കുന്നവരെയും ദുരിതമനുഭവിക്കുന്നവരെയും സ്നേഹിക്കാനും സഹായിക്കാനും നമുക്ക് കഴിയേണ്ടതുണ്ട് എന്ന മനോഭാവം വളർത്തും.
- വനങ്ങൾ പ്രകൃതിയിലെ പ്രധാനപ്പെട്ട ജൈവകേന്ദ്രമാണെന്നും അതു സംരക്ഷിക്കേണ്ടത് നമ്മുടെ കടമയാണെന്നും ബോദ്ധ്യപ്പെടുന്നു. പ്രകൃതി/വനസംരക്ഷണ പ്രവർത്തനങ്ങൾക്കു സന്നദ്ധത പ്രകടിപ്പിക്കും.
- പ്രകൃതിയിലെ സർവചരാചരങ്ങളും ഒരുതരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ നമ്മെ പലതും പഠിപ്പിക്കുന്നുണ്ട് എന്ന് തിരിച്ചറിഞ്ഞ് സഹജീവി സ്നേഹം വളർത്തും.
- നമ്മുടെ പഴയ ഭക്ഷണസംസ്ക്കാരം ആരോഗ്യസംരക്ഷണത്തിന് ഏറെ ഉത്തമമായിരുന്നു എന്ന് അറിയുന്നു. പുതിയ ശീലങ്ങളുമായി താരതമ്യം ചെയ്യും.
- പ്രകൃതി ദൃശ്യങ്ങൾ മറ്റു കാഴ്ചകൾ എന്നിവ വർണ്ണിച്ചെഴുതാൻ പ്രാപ്തരാക്കും.
- കായിക വിനോദത്തിന്റെ സവിശേഷതകൾ ഉൾപ്പെടുത്തി വിവരണം തയ്യാറാക്കും.

## ഇംഗ്ലീഷ് പതിപ്പുകൾ, മാഗസിനുകൾ

കുട്ടികളുടെ പതിപ്പുകൾ, മാഗസിനുകൾ അച്ചടിച്ച് പ്രസിദ്ധീകരിക്കൽ ക്ലാസ്സ് തലത്തിൽ രൂപപ്പെട്ടതും സ്വന്തമായി രചിച്ചതുമായ പതിപ്പുകൾ സ്കൂൾ തലത്തിൽ നടത്തുന്ന ശിൽപശാലയിൽ അവതരിപ്പിക്കുന്നു. കഥപറയൽ, കവിത ചൊല്ലൽ, Thoughts, games, diary, star of the day, star of the year എന്നിവരെ പ്രവർത്തനങ്ങളിലൂടെ തിരഞ്ഞെടുക്കുന്നു.

ഏതെങ്കിലും ഒരു ആശയത്തെ ആസ്പദമാക്കി ലളിതമായ വാക്യങ്ങൾ എഴുതിക്കും. ക്ലാസ് ലൈബ്രറി, ഇംഗ്ലീഷ് പതിപ്പ്, മാഗസിൻ, ഇൻലന്റ് മാഗസിൻ, ഉൽപന്നങ്ങളുടെ പ്രദർശനം, ഇംഗ്ലീഷ് ക്ലബ്ബ് തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കും.

## ഗണിതം

### ലക്ഷ്യങ്ങൾ

- ദൈനംദിന ജീവിത പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഗണിതത്തെ ഉപയോഗപ്പെടുത്തുന്നതിന് സഹായകമാക്കും.
- മറ്റു വിഷയങ്ങളുടെ പഠനത്തെ സഹായിക്കുന്നതിനാവശ്യമായ ഗണിതശേഷികൾ നേടുന്നതിന് സഹായകരമാക്കും.
- കുട്ടികളുടെ യുക്തിചിന്ത വികസിപ്പിക്കുന്നതിനു ഉപയുക്തമാക്കും.
- പ്രശ്നപരിഹരണത്തിന് ശാസ്ത്രീയ സമീപനം സ്വീകരിക്കാൻ കുട്ടിക്ക് കഴിവു നൽകുന്നതാകണം.
- ഗവേഷണ പ്രവർത്തനങ്ങൾക്ക് താത്പര്യമുണ്ടാക്കാൻ കുട്ടിയെ സഹായിക്കുന്നതാക്കും.
- വസ്തുതകളെ ഗണിതാശയങ്ങൾ ഉപയോഗപ്പെടുത്തി അപഗ്രഥിക്കാനും വ്യാഖ്യാനിക്കാനുമുള്ള കഴിവുണ്ടാക്കും.
- ഗണിതം ആസ്വദിക്കാൻ കഴിയുന്ന തരത്തിലേക്ക് കുട്ടിയെ വളർത്തുവാൻ കഴിയുന്നതാക്കും.
- ബന്ധങ്ങൾ മനസ്സിലാക്കുന്നതിനും കാര്യകാരണ സഹിതം വിശദീകരിക്കുന്നതിനുമുള്ള കഴിവുണ്ടാക്കും.
- കൃത്യതയോടും സൂക്ഷ്മതയോടും കാര്യങ്ങൾ ചെയ്യുന്നതിനും അതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനും പര്യാപ്തമാക്കും.
- അമൂർത്തമായ ആശയങ്ങൾ കൈകാര്യം ചെയ്യുന്നതിനും വിശദീകരിക്കുന്നതിനും കഴിയും.
- സർഗാത്മക ചിന്ത വളർത്താൻ സഹായകരമാക്കും.
- ഗണിതാശയങ്ങൾ വിശദീകരിക്കുന്നതിന് ഗണിതഭാഷ ഉപയോഗിക്കാൻ കഴിയും.
- വസ്തുതകളെ വിശകലനം ചെയ്ത് പൊതുതത്വങ്ങൾ രൂപീകരിക്കാനുള്ള കഴിവ് നേടും.

- ഗണിത പഠനത്തിൽ ഐ.സി.ടി സാധ്യതകൾ ഉപയോഗിക്കാൻ കഴിയുന്നതാകണം.
- സംഖ്യകളെ സന്ദർഭത്തിനനുസരിച്ച് വ്യത്യസ്ത രീതിയിൽ വ്യാഖ്യാനിക്കും.
- വിവിധ സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കും.
- സങ്കലന പ്രശ്നങ്ങൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കും.
- ക്രിയാഫലം മനക്കണക്കായി പറയും.
- പ്രശ്നപരിഹരണത്തിന്റെ ഭാഗമായി അക്കങ്ങളെ പട്ടികപ്പെടുത്തും.
- വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കും.
- ചുറ്റുപാടുമുള്ള ജ്യാമിതീയ രൂപങ്ങൾ കണ്ടെത്തി തരംതിരിക്കും.
- ഹരണക്രിയകൾ ഉപയോഗപ്പെടുത്തി പ്രശ്ന പരിഹരണം നടത്തും.
- വിവിധ അളവുകളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ അപഗ്രഥിക്കും.

# പരിസരപഠനം

## ലക്ഷ്യങ്ങൾ

- മെച്ചപ്പെടലിനുവേണ്ടി പരിശ്രമിക്കും.
- ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കുകയും പ്രയോഗിക്കുകയും ചെയ്യും.
- നിരന്തരമായ അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്ത് നിഗമനത്തിൽ എത്തിച്ചേരുകയും ചെയ്യും.
- പ്രകൃതിപ്രതിഭാസങ്ങളെ വിശകലനം ചെയ്യും.
- അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും ഇല്ലാതാക്കും.
- ശാസ്ത്രത്തിന്റെ ദുരുപയോഗം തടയും.
- ശാസ്ത്രീയവീക്ഷണം രൂപപ്പെടുത്തും.
- പരിസ്ഥിതി സൗഹൃദമനോഭാവം വളർത്തും.
- പ്രകൃതിയിലുള്ള മനുഷ്യന്റെ ഇടപെടലുകൾ വിവേകപൂർവ്വമാക്കും.
- പ്രകൃതിയിലെ പരസ്പരാശ്രയത്വം തിരിച്ചറിയും.
- സ്വായത്തമാക്കിയ അറിവ് ജീവജാലങ്ങളുടെ നന്മയ്ക്കായി വിനിയോഗിക്കും.
- സുസ്ഥിരവികസനം എന്ന ആശയം വ്യാപിപ്പിക്കും.
- ദൈനംദിന ജീവിതവുമായി പഠനത്തെ ബന്ധപ്പെടുത്തും.
- വ്യക്തിശുചിത്വവും സാമൂഹികശുചിത്വവും പാലിച്ചുകൊണ്ട് ശാരീരിക-മാനസിക-സാമൂഹിക-ആരോഗ്യം കൈവരിക്കാൻ സഹായിക്കും.
- മാനവികതയിൽ ഊന്നിയുള്ള ശാസ്ത്രാവബോധം വളർത്തും.
- ശാസ്ത്രത്തിന്റെ നേട്ടങ്ങളിൽ അഭിമാനിക്കും.
- നാടിന്റെ നേട്ടങ്ങൾ സാമൂഹ്യനന്മയ്ക്കായി പ്രയോജനപ്പെടുത്തും.
- ശാസ്ത്രത്തിനും സാമൂഹികനന്മയ്ക്കും വേണ്ടി ജീവിതം സമർപ്പിച്ചവരോട് ആദരവ് പുലർത്തും.
- ശാസ്ത്രപഠനത്തിന്റെയും പരിസരപഠനത്തിന്റെയും മുഖ്യലക്ഷ്യം ശാസ്ത്ര സാക്ഷരത വികസിപ്പിക്കുക എന്നതാണ്.

# Academic Master Plan

2025-26

STD - I

# മലയാളം

## ലക്ഷ്യങ്ങൾ

- ❖ ഒന്നാം ക്ലാസ്സിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനുമുള്ള ശേഷിയുള്ളവരാക്കുക.
- ❖ ഒന്നാം ക്ലാസ്സിലെ എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ, കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- ❖ എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായില്ലാതെ ലഘുവാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്നുറപ്പ് വരുത്തുക.
- ❖ ലളിതമായ വായനാകാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു.
- ❖ ലിപി തിരിച്ചറിയാതെ തന്നെ തന്റെ ആശയങ്ങൾ രേഖപ്പെടുത്തിയ പദങ്ങൾ, വാക്യങ്ങൾ എന്നിവ വായിക്കുന്നു.
- ❖ ലിപി തിരിച്ചറിഞ്ഞ് മറ്റുള്ളവരുടെ സഹായത്തോടെ ലഘുവാക്യങ്ങൾ എഴുതുന്നു. വായിക്കുന്നു. (പറ-പാറ) (തനുതിന)
- ❖ പലതരത്തിലുള്ള പതിപ്പുകൾ രൂപപ്പെടുത്തി എടുക്കുന്നു.
- ❖ സ്വതന്ത്ര വായനയിലേക്കും രചനയിലേക്കും കുട്ടികളെ നയിക്കുക.

*പ്രവർത്തന പദ്ധതി*

| മാസം | പ്രവർത്തനങ്ങൾ | തീരേണ്ട യൂണിറ്റുകൾ | സാധ്യായ ദിവസങ്ങൾ |
|---|---|---|---|
| ജൂൺ | ◆ അക്കാദമിക മാസ്റ്റർ പ്ലാൻ പ്രകാശനം, നിർവ്വഹണ ഉദ്ഘാടനം.<br>◆ പ്രവേശനോത്സവദിനം<br>◆ ക്ലാസ് പി.ടി.എ<br>◆ ദിനാചരണങ്ങൾ(പരിസ്ഥിതിദിനം, വായനാദിനം)<br>◆ വായനോത്സവം | പറവകൾ പാറി | 20 |

| മാസം | പ്രവർത്തനങ്ങൾ | തീരേണ്ട യൂണിറ്റുകൾ | സാധ്യായ ദിവസങ്ങൾ |
|---|---|---|---|
| | ♦ പുസ്തകം പരിചയം<br>♦ രക്ഷിതാക്കൾക്ക് കഥ പറയൽ പരിശീലനം<br>♦ അമ്മ വായന | പൂവ് ചിരിച്ചു | |
| ജൂലൈ | ♦ ദിനാചരണങ്ങൾ (ജൂലൈ 21 ചാന്ദ്രദിനം, ജൂലൈ 27 ഡോ.എ.പി.ജെ അബ്ദുൾ കലാം ചരമദിനം).<br>♦ രണ്ടാം ക്ലാസ് പിടിഎ സംയുക്ത ഡയറി അവതരണം.<br>♦ ആക്റ്റിവിറ്റി ബുക്ക് വിതരണോദ്ഘാടനം<br>♦ പൂക്കളുമായി ബന്ധപ്പെട്ട പാട്ടുകൾ അവതരിപ്പിക്കൽ<br>♦ ക്ലാസ് ലൈബ്രറി ഒരുക്കൽ<br>♦ വായനാ കാർഡുകൾ വായിച്ച് അവതരിപ്പിക്കൽ<br>♦ ബഷീർദിന ക്വിസ് | പൂവ് ചിരിച്ചു (തുടർച്ച)<br><br>ആർപ്പോ ഇർറോ | 20 |
| ആഗസ്റ്റ് | ♦ പാട്ടരങ്ങ്<br>♦ അക്ഷരപാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന പദങ്ങൾ ഉറപ്പിക്കൽ<br>♦ ആവർത്തന പദങ്ങൾ കണ്ടെത്തി വട്ടം വരയ്ക്കുന്നു.<br>♦ ചിത്രവായനാ കാർഡുകൾ സ്വയം തയ്യാറാക്കൽ<br>♦ ക്ലാസ് പിടിഎയിൽ കുട്ടികളുടെ തൽസമയ പ്രകടനങ്ങൾ. | പിറന്നാൾ സമ്മാനം<br>മണ്ണിലും മരത്തിലും | 20 |

| | |
|---|---|
| സെപ്തംബർ | • കവിതകൾ കുറിച്ച് സ്വന്തം ഭാഷയിൽ പറയുന്നു.<br>• ഡയറി എഴുതൽ<br>• കഥകൾ അവതരിപ്പിക്കുന്നു.<br>• പാട്ടരങ്ങ്<br>• ഛ, ഞ, ജ്ജ, ഞ്ഞ, ക്ഷ, ഈ അക്ഷരങ്ങൾക്ക് ഊന്നൽ നൽകുന്നു. |
| ഒക്ടോബർ | • സചിത്ര കഥാരചന<br>• ചോദ്യോത്തര പാട്ടുകൾ<br>• പാഠഭാഗത്തു നിന്നും വാക്യങ്ങൾ, പദങ്ങൾ, അക്ഷരങ്ങൾ കണ്ടെത്തൽ<br>• സ്വതന്ത്ര വായന, സ്വതന്ത്ര എഴുത്ത്<br>• ഭാഷാ കേളി |
| നവംബർ | • പൂരിപ്പിക്കൽ<br>• കൂടുതൽ വരികൾ ചേർക്കൽ<br>• ലഘു സംഭാഷണങ്ങൾ<br>• ചിത്ര വായന<br>• കടങ്കഥകൾ<br>• ഞ്ഞ, ഫ, ന അക്ഷരങ്ങൾ പരിചയപ്പെടുന്നു |
| ഡിസംബർ | • സംഭാഷണങ്ങൾ എഴുതുന്നു.<br>• ചിഹ്നങ്ങൾ ചേർക്കുന്നു.<br>• അക്ഷര പാട്ടുകൾ<br>• ഡയറി എഴുതൽ<br>• പദ സൂര്യൻ<br>• പച്ചക്കറി പാട്ട് |

| | |
|---|---|
| January | • വരികൾ കൂട്ടിച്ചേർക്കൽ<br>• കഥ പറയൽ<br>• പുരണ്ട്<br>• സാങ്കല്പിക ഡയറി<br>• കഥ പൂർത്തീകരിക്കൽ |
| February | • സംഭാഷണം സ്വയം എഴുതൽ<br>• പൂർത്തീകരിക്കൽ - കഥ, കവിത<br>• ചിത്രങ്ങൾ ഉൾപ്പെടുത്തി കഥ കണ്ടെത്തൽ<br>• വരികൾ കൂട്ടിച്ചേർക്കാം.<br>• കടങ്കഥകൾ<br>• ഒത്ത് പാടൽ |
| March | • നാടും മേടും , വായനാരീതികൾ<br>• കുറിപ്പ് എഴുതൽ<br>• ഫോൺ സംഭാഷണം എഴുതൽ<br>• രചനോത്സവം |

# പരിസരപഠനം

## ലക്ഷ്യങ്ങൾ

- ചുറ്റുപാടുള്ള പക്ഷികളെ നിരീക്ഷിച്ച് പ്രത്യേകതകൾ കണ്ടെത്തുന്നു. നിറങ്ങളുടെ അടിസ്ഥാനത്തിൽ തരംതിരിക്കുന്നു.
- തൂവലുകൾ കണ്ടാൽ പക്ഷി ഏതാണ് എന്ന് ഊഹിക്കാൻ കഴിയുന്നു. പ്രത്യേകതകളുടെ അടിസ്ഥാനത്തിൽ പക്ഷികളെ താരതമ്യം ചെയ്യുന്നു.
- പരിചിതമായ പക്ഷികളുടെ ശബ്ദം കേട്ട് പക്ഷികളെ തിരിച്ചറിയുന്നു. പക്ഷികളുടെ ശബ്ദം അനുകരിക്കുന്നു.
- പൂക്കൾ നിരീക്ഷിച്ചും ചിത്രങ്ങൾ വിശകലനം ചെയ്തും മുതിർന്നവരോട് അന്വേഷിച്ചും സവിശേഷതകൾ കണ്ടെത്തുന്നു. (നിറം, വലിപ്പം)
- പൂക്കളെ തിരിച്ചറിയുന്നതിന് നിറവും മണവും വലിപ്പവും സഹായിക്കുന്നു എന്ന് കണ്ടെത്തുന്നു.
- ലഘു നിരീക്ഷണ പ്രോജക്ടുകൾ ചെയ്യുന്നു.

| മാസം | പ്രവർത്തനങ്ങൾ |
| --- | --- |
| ജൂൺ | ♦ പരിസ്ഥിതി ദിന പ്രവർത്തനങ്ങളിൽ പങ്കാളിത്തം ഉറപ്പാക്കൽ.<br>♦ വൃക്ഷത്തൈ നടൽ, കിച്ചൻ ഗാർഡൻ<br>♦ ഇക്കോ-ക്ലബ് രൂപീകരണം<br>♦ തൂവൽ ശേഖരണം, പ്രദർശനം.<br>♦ പൂക്കൾ ചാർട്ട്, പ്രൊജക്ടുകൾ രൂപീകരണം, |
| ജൂലൈ | ♦ ചുറ്റുപാടുള്ള ചെടികൾ നിരീക്ഷിക്കൽ.<br>♦ തിരിച്ചറിഞ്ഞവ പട്ടികപ്പെടുത്തൽ.<br>♦ ഇതളുകൾ, നിറം അനുസരിച്ച് തരംതിരിക്കൽ.<br>♦ സ്കൂൾ പൂന്തോട്ട നിർമ്മാണം. |
| ആഗസ്റ്റ് | ♦ പക്ഷികളുടെ കൂട് നിരീക്ഷിക്കൽ.<br>♦ കൂട് നിർമ്മാണത്തിനുള്ള സാമഗ്രികൾ കണ്ടെത്തൽ.<br>♦ വളർത്തു മൃഗങ്ങളെ തരംതിരിക്കൽ.<br>♦ കാട്ടുമൃഗങ്ങളെയും വളർത്തു മൃഗങ്ങളെയും പ്രത്യേകത പട്ടികപ്പെടുത്തൽ. |

| | |
|---|---|
| സെപ്റ്റംബർ | • ജീവികളെ പറക്കുന്നവ/ പറക്കാത്തവ എന്നിങ്ങനെ തരംതിരിക്കുന്നു.<br>• മരത്തിൽ താമസിക്കുന്നവർ/ മണ്ണിൽ താമസിക്കുന്നവർ എന്നിങ്ങനെ പട്ടികപ്പെടുത്തുന്നു<br>• വീടിന്റെ ആവശ്യങ്ങൾ /ആവശ്യകതകൾ ചർച്ച നടത്തുന്നു. |
| ഒക്ടോബർ | • പാകം ചെയ്ത് കഴിക്കുന്നവ /അല്ലാത്തവ തരംതിരിക്കുന്നു.<br>• മധുരമുള്ളവ / എരിവുള്ളവ / പുളിയുള്ളവ/ കയ്പുള്ളവ പട്ടികപ്പെടുത്തുന്നു.<br>• ആവിയിൽ/ ചുട്ടെടുക്കുന്നവ പരിചയപ്പെടുന്നു.<br>• പോഷകാഹാരങ്ങൾ. |
| നവംബർ | • ആകാശ കാഴ്ചകൾ രാത്രിയിലും. / പകലും.<br>• ചന്ദ്രന്റെ ആകൃതി വ്യത്യാസം.<br>• ജലസ്രോതസ്സുകൾ – പുഴ, കുളം, കിണർ etc<br>• ജലവുമായി ബന്ധപ്പെട്ട ലഘു പരീക്ഷണങ്ങൾ.<br>• ജലത്തിൽ ജീവിക്കുന്നവ / അല്ലാത്തവ എന്നിവ തരംതിരിക്കുന്നു.<br>• വ്യത്യസ്തതരം പഴങ്ങൾ.<br>• മധുരമുള്ള വ /പുളിയുള്ളവ എന്നിങ്ങനെ പഴങ്ങൾ ഉണ്ട്<br>• ആകൃതി, നിറം, വലിപ്പം, മണം വ്യത്യാസപ്പെട്ടിരിക്കുന്നു. |
| ഡിസംബർ | • വീട് നിർമ്മാണം<br>• വീടിന്റെ ഭാഗങ്ങൾ / മുറികൾ<br>• അടുക്കളയിൽ ഉപയോഗിക്കുന്നവ. |

| | |
|---|---|
| | • വി___ തരണങ്ങൾ<br>• ___ത്തനറിക്കൽ / ഉ___യോഗം.<br>• ___ത്തനറിക്കേണ്ടം.<br>• ___ത്തനറിപ്പ് |
| ജനുവരി | • വാ___നങ്ങൾ<br>• കരയിലൂടെ / വെള്ളത്തിലൂടെ / ആകാശത്തിലൂടെ<br>• വാ___നങ്ങളുടെ ഉ___യോഗങ്ങൾ<br>• ചെറുജീവികൾ<br>• കാലില്ലാത്തവ / നാല് കാലുള്ളവ / രണ്ട് കാലുള്ളവ / ആറ് കാലുള്ളവ<br>ഒന്നിരി കാലുള്ളവ<br>• വസ്ത്രങ്ങൾ / ബന്ധപ്പെട്ട വാക്കുകൾ<br>• വസ്ത്രത്തിന്റെ ഉ___യോഗങ്ങൾ<br>• വസ്ത്രങ്ങളുടെ പ്രത്യേകത. |
| ഫെ___ബ്രുവരി | • സംഭാഷണം – കാടുകൊണ്ടുള്ള പ്രയോജനങ്ങൾ<br>• കാട്ടിലെ ജീവികൾ.<br>• കടൽ ജീവികൾ.<br>• കടൽത്തീരത്തിലെ കാഴ്ചകൾ<br>• കടൽ ജീവിതം |
| മാർച്ച് | • ___എന്റെ സ്വാതന്ത്ര്യദിനാഘോഷം<br>• കേരളത്തിലെ ഉത്സവകാഴ്ചകൾ.<br>• ഉത്സവങ്ങൾ, വാദ്യമേളങ്ങൾ.<br>• ___എന്റെ നാട്ടിലെ ഉത്സവം. |

# ENGLISH

## AIM

- To speak, read and write english without any mistakes.
- To familiarise with communication expressions.
- Enable these to add own lines to a given song.
- Constructs dialogues related to specific contexts.

| Month | Activities |
|---|---|
| June | ◆ Pre test<br>◆ Simple wrods introducing<br>◆ Games<br>◆ Action songs, Hello english activities<br>◆ Provide picture cards<br>◆ Picture description<br>◆ Assembly activities speech |
| July | ◆ Find words<br>◆ Collect and read rhyming words<br>◆ Writing familiar words<br>◆ Reading conversation like Hello, I'm, Sorry, Thank you, Dont repeat it<br>◆ Self introduction |
| August | ◆ Enjoy songs and sings with rhythmically<br>◆ Describes orally about picture and objects wing. (vehicles, colour, small, big etc)<br>◆ Find words<br>◆ Add more lines |

| | |
|---|---|
| September | • familiarising words Vehicles, animals, Colours, birds and numbers.<br>• Activities relating has/ have<br>• More sentences with denoting has/ have<br>• Action words introducing<br>• Conversations and story telling |
| October | • Rhythmic songs.<br>• Add more lines.<br>• Conversation Reading.<br>• Stories relating to friendship. |
| November. | • Describing poppy. /Dog.<br>• Animals with their youngones.<br>• Reading text Individually.<br>• Animals with their sounds.<br>• Animals with their houses.<br>• Conversations. |
| December | • Words denoting nature<br>• Hobby.<br>• Natural phenomena like rain, rainbow etc |

| | |
|---|---|
| January | • Action words.<br>• Communication expressions such as Hello, Thank you, Bye, Well, that's good etc<br>• Reading stories<br>• Answering questions.<br>• Add more lines.<br>• About butterfly<br>• About kite<br>• Count numbers and write. |
| February | |

# ഗണിതം

## ലക്ഷ്യങ്ങൾ

- ഒന്നുമുതൽ അഞ്ചുവരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു, എഴുതുന്നു.
- അഞ്ചുവരെയുള്ള എണ്ണത്തെ കൂടുതൽ, കുറവ് എന്നിങ്ങനെ തരം തിരിക്കുന്നു.
- പ്രാഗ് ഗണിതം അവതരിപ്പിക്കുന്നു
- 1 മുതൽ 20 വരെയുള്ള സംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു.
- വലുതിൽനിന്ന് ചെറുതിലേക്ക് സംഖ്യകൾ എഴുതുന്നു
- ചെറുതിൽനിന്ന് വലുതിലേക്ക് എഴുതുന്നു
- രണ്ട് ഒരക്കസംഖ്യകളുടെ സങ്കലനം
- ഒരക്ക സംഖ്യാവ്യാഖ്യാനം
- വിട്ടുപോയവ പൂരിപ്പിക്കൽ

| മാസം | പ്രവർത്തനങ്ങൾ |
|---|---|
| ജൂൺ | ♦ വലുത്/ചെറുത് മനസ്സിലാക്കൽ<br>♦ അകം/പുറം, കൂടുതൽ/കുറവ്, തിരിച്ചറിയൽ<br>♦ എണ്ണൽസംഖ്യ 5 വരെ മനസ്സിലാക്കൽ<br>♦ കൂട്ടങ്ങൾ ഒരേപോലെയുള്ളത് എണ്ണി വട്ടംവരക്കൽ<br>♦ വലുതിൽനിന്ന് ചെറുതിലേക്ക്<br>♦ കുറയൽ അവതരിപ്പിക്കൽ<br>♦ 1–10 വരെ ക്രമത്തിൽ എഴുതൽ |
| ജൂലൈ | ♦ എണ്ണി തിട്ടപ്പെടുത്തൽ<br>♦ സൂചനയനുസരിച്ച് എണ്ണത്തിന് നിറം നൽകൽ<br>♦ വലുത്/ചെറുത് തിരിച്ചറിയൽ<br>♦ ഒരക്ക സംഖ്യകളുടെ സങ്കലനം തിരിച്ചറിയൽ |
| ആഗസ്റ്റ് | ♦ 1–20 വരെയുള്ള സംഖ്യകൾ തിരിച്ചറിയൽ, പ്രവർത്തനങ്ങൾ<br>♦ ക്രമമായി എഴുതൽ<br>♦ രണ്ടക്കസംഖ്യകളുടെ സങ്കലനം<br>♦ ആരോഹണ അവരോഹണ തിരിച്ചറിയൽ |

| | |
|---|---|
| സെപ്റ്റംബർ | • 20 വരെ തുക കിട്ടുന്ന രണ്ട് ഒരക്കസംഖ്യകളുടെ സങ്കലനം മനക്കണക്കായി ചെയ്യുന്നു.<br>• വലിയ ഒരു കൂട്ടത്തിൽ നിന്ന് ചെറിയ കൂട്ടം എടുത്തു മാറ്റുമ്പോൾ വലിയ കൂട്ടത്തിനേക്കാൾ ചെറിയ കൂട്ടം കിട്ടുന്നു.<br>• സങ്കലന - വ്യവകലന ക്രിയ, അവയുടെ ചിഹ്നം എന്നിവ പരിചയപ്പെടുന്നു.<br>• നിത്യ ജീവിതവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്യുന്നു. |
| ഒക്ടോബർ | • പകുതി / ഇരട്ടി / കൂടുതൽ / കുറവ് എന്നീ ആശയങ്ങൾ പരിചയിക്കുന്നു.<br>• സംഖ്യാ വ്യാഖ്യാനിക്കാൻ കുട്ടികൾക്ക് കഴിയുന്നു.<br>• ചുറ്റുപാടുനിന്നും ദ്വിമാന, ത്രിമാന രൂപങ്ങൾ കണ്ടെത്തുന്നു. ആകൃതി അനുസരിച്ച് തരം തിരിക്കുന്നു.<br>• രൂപങ്ങൾ നിർമിക്കുന്നു.<br>• പാറ്റേണുകൾ പൂർത്തിയാക്കുന്നു. |
| നവംബർ | • 1- 100 വരെയുള്ള സംഖ്യകൾ ഉൾപ്പെട്ട പ്രശ്നങ്ങൾ പരിചയിക്കുന്നു.<br>• പത്തിന്റെ കൂട്ടങ്ങൾ ചേർന്ന് പുതിയ കൂട്ടങ്ങൾ രൂപപ്പെടുന്നു.<br>• 1-100 വരെ സംഖ്യകൾ വായിക്കുകയും എഴുതുകയും ചെയ്യുന്നു. ചെറുത് / വലുത് കണ്ടെത്തുന്നു. |

| | |
|---|---|
| | • 10 നെ അടിസ്ഥാനമാക്കി സങ്കലനക്രിയ ഏറ്റു പ്പെടുത്തി പ്രായോഗിക പ്രശ്നപരിഹാരം നടത്തുന്നു.<br>• കൂട്ടങ്ങളെ പരസ്പരം താരതമ്യം ചെയ്ത് കൂടുതൽ/ കുറവ് / തുല്യം എന്നിവ കണ്ടെത്താൻ ശ്രമിക്കുന്നു. |
| ഡിസംബർ | • രണ്ടു വസ്തുക്കളിൽ നീളം കൂടിയത് / കുറഞ്ഞത് കണ്ടെത്താൻ കഴിയുന്നു.<br>• വസ്തുക്കളുടെ ഭാരം താരതമ്യം ചെയ്യുന്നു.<br>• പാത്രങ്ങളുടെ ഉള്ളളവ് താരതമ്യം ചെയ്ത് കൂടുതൽ/ കുറവ് കണ്ടെത്തുന്നു.<br>• കറൻസിയുടെ മൂല്യം, നാണയത്തിന്റെ മൂല്യം എന്നിവ താരതമ്യം ചെയ്യുന്നു. പരസ്പരം ബന്ധം കണ്ടെത്തുന്നു.<br>• 1, 2, 5, 10, 20 എന്നീ നാണയങ്ങളും കറൻസികളും ഉപയോഗിച്ച് 1-20 വരെയുള്ള വ്യവഹാരങ്ങൾ. ക്രയവിക്രയങ്ങളിൽ ഏർപ്പെടുന്നു. |
| ജനുവരി | • നാണയപ്രദർശനത്തിന് നടത്തുന്നു<br>• നിലവിൽ പ്രചാരത്തിലുള്ള നാണയങ്ങളും പഴയ നാണയങ്ങളും താരതമ്യം ചെയ്യുന്നു.<br>• ദൈനംദിനസംഭവങ്ങൾ ഒരു ദിവസത്തിൽ ഉണ്ടെന്ന് മനസ്സിലാക്കുന്നു.<br>• രാവിലെ / ഉച്ച / വൈകുന്നേരം / രാത്രി തുടങ്ങിയ പദങ്ങൾ ഉപയോഗിക്കുന്നു. |

| | |
|---|---|
| | • സമയത്തിനനുസരിച്ച് ദൈനംദിന പ്രവർത്തനങ്ങൾ ക്രമീകരിക്കാൻ കഴിയുന്നു.<br>• ദിവസം, ആഴ്ച, മാസം എന്നിവ കലണ്ടറിൽ നിന്ന് കണ്ടെത്തുന്നു.<br>• വേനൽക്കാലം, വസന്തകാലം, മഴക്കാലം, ശീതകാലം തുടങ്ങിയ വിവരങ്ങൾ ശേഖരിക്കുന്നു |
| ഫെബ്രുവരി | • സംഖ്യകളെ താരതമ്യം ചെയ്ത് ചെറുത്/ വലുത് എന്നിവ കണ്ടെത്തുന്നു.<br>• പരസ്പര ബന്ധം കണ്ടെത്തുന്നു.<br>• സംഖ്യാകാർഡുകൾ 1 - 20 വരെയുള്ള 5 set ഉപയോഗിച്ച് നിർമിക്കുന്നു.<br>• 2 സംഖ്യകൾ തമ്മിൽ കൂട്ടിയാൽ അവയെക്കാൾ വലിയ ഒരു സംഖ്യ കിട്ടും എന്ന് വ്യാഖ്യാനിക്കുന്നു. |
| മാർച്ച് | • ചിത്രപടത്തിൽ തന്നിരിക്കുന്ന ദത്തങ്ങൾ വിശകലനം ചെയ്യുന്നു. നിഗമനം രൂപീകരിക്കുന്നു.<br>• 2 കളങ്ങളുള്ള പട്ടികകൾ വിശകലനം ചെയ്യുന്നു. വ്യാഖ്യാനിക്കുന്നു.<br>• 2 കളങ്ങളുള്ള പട്ടികയിലെ ദത്തം/ ചിത്രപടത്തിൽ രേഖപ്പെടുത്താൻ കഴിയുന്നു. |

# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025-26

## STD - II

# മലയാളം

## ആമുഖം

പൊതു വിദ്യാഭ്യാസത്തെ മുഖ്യധാരയിൽ എത്തിക്കാൻ കുട്ടികളിൽ ഭാഷാ വികസനം, വൈജ്ഞാനിക മേഖല, സർഗാത്മക മേഖല, വൈകാരിക മേഖല എന്നീ മേഖലകളിൽ കുട്ടിയുടെ ശേഷികളെ പരിഗണിച്ചാണ് ക്ലാസ്സ് തല മാസ്റ്റർപ്ലാൻ അവതരിപ്പിക്കുന്നത്.

## പ്രവർത്തന ലക്ഷ്യങ്ങൾ

- രണ്ടാം ക്ലാസ്സിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.
- രണ്ടാം ക്ലാസ്സിലെ എല്ലാ കുട്ടികളുടെയും ആശയ ഗ്രഹണ വായന ഉറപ്പാക്കുക.
- വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിലേർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.

## മുന്നൊരുക്കം

- പ്രീടെസ്റ്റ് നടത്തുന്നു. എല്ലാ തലങ്ങളിലുമുള്ള കുട്ടികളെയും കണ്ടെത്തുന്നു.
- കുട്ടിയുടെ നിലവിലുള്ള അവസ്ഥ, കഴിവുകൾ, പരിമിതികൾ എന്നിവ CPTA നടത്തി എല്ലാ മാസവും പിന്തുണ കുട്ടിക്ക് ലഭ്യമാക്കാനുള്ള അവസരമുണ്ടാക്കുന്നു.

## പ്രവർത്തന ലക്ഷ്യം

രണ്ടാം ക്ലാസ്സിലെ ഓരോ കുട്ടിയും സന്ദർഭത്തിനനുസരിച്ച് സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കുന്നതിനുള്ള ശേഷി നേടുന്നതിന്.

മേഖല- അക്കാദമികം

ഉപമേഖല- ഭാഷ

ക്ലാസ് - II

| മാസം | പ്രവർത്തനങ്ങൾ |
|---|---|
| ജൂൺ | • ചിത്രക്കാർഡുകൾ നൽകൽ (ചിത്രവും പദവും ഉൾക്കൊണ്ടത്)<br>• വായനയും എഴുത്തും വികസിപ്പിക്കാനുള്ള തന്ത്രങ്ങൾ വികസിപ്പിക്കൽ.<br>• കടങ്കഥകൾ പരിചയപ്പെടൽ, സ്വയം കടങ്കഥകൾ നിർമ്മിക്കൽ.<br>• |
| ജൂലൈ | • ഭാഷയുമായി ബന്ധപ്പെട്ട ICT സാധ്യത ഉറപ്പാക്കുന്നു.<br>• ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് വായനയുടെയും എഴുത്തിന്റെയും സാധ്യത ഉറപ്പാക്കുന്നു.<br>• എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടുത്തൽ. |
| ആഗസ്റ്റ്. | • സ്കൂൾ ലൈബ്രറി, ക്ലാസ് ലൈബ്രറി സജ്ജീകരിക്കൽ പ്രദർശനം നടത്തൽ.<br>• ചിത്രവിവരണം<br>• രക്ഷിതാക്കളുടെ സഹായം ഉറപ്പുവരുത്തൽ<br>• വീട്ടു ലൈബ്രറി ഒരുക്കൽ.<br>• ഭാഷാവികാസ മേഖലയിൽ പഠിതാക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കൽ. |

| മാസം | പ്രവർത്തനങ്ങൾ |
|---|---|
| സെപ്റ്റംബർ | • ഭാഷാ വികാസ മേഖലയിൽ ഉണർത്തുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു.<br>• കൃഷിപ്പാട്ടുകൾ, നാടൻ പാട്ടുകൾ, വയൽ നടത്തം, ലേഖനത്തിന് അവസരമൊരുക്കൽ. |
| ഒക്ടോബർ | • വിവിധ തരത്തിലുള്ള പതിപ്പുകൾ തയ്യാറാക്കാൻ വേണ്ട മുൻഗണന നൽകൽ.<br>• എഴുത്തും കുത്തും രചനയിലേക്ക് നയിക്കുന്ന രചനാ ക്യാമ്പുകൾ. |
| നവംബർ | • കുട്ടികൾക്ക് സ്വതന്ത്രമായ സർഗാത്മക പ്രവർത്തനങ്ങളിൽ ഏർപ്പെടാനുള്ള അവസരം ഒരുക്കുന്നു.<br>• കഥകൾ വായിച്ച് അവയെ ചിത്രങ്ങളാക്കൽ.<br>• വായിച്ച കഥയിൽ നിന്ന് സംഭാഷണം രൂപീകരിക്കുന്നു. |
| ഡിസംബർ | • ഭാഷയുടെ വിവിധ തലങ്ങളിൽ ഉണർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ചെയ്യുന്നു.<br>• കഥകൾ വായിച്ച് രംഗാവിഷ്കാരം നടത്തൽ. |
| ജനുവരി. | • വരികൾ കൂട്ടിച്ചേർത്ത് പാടുന്നതിനും എഴുതുന്നതിനുമുള്ള അവസരം ഒരുക്കൽ.<br>• കുട്ടികൾ സ്വയം എഴുതിയ കുട്ടിക്കഥകൾ, കവിതകൾ എന്നിവ ചേർത്ത് മാഗസിൻ തയ്യാറാക്കൽ.<br>• വായനാ കാർഡുകൾ തയ്യാറാക്കൽ. |

| മാസം | പ്രവർത്തനങ്ങൾ |
| --- | --- |
| ഫെബ്രുവരി | • എല്ലാ മേഖലയിലും കുട്ടികളെ എത്തിക്കാൻ സാധിച്ചു എന്നുള്ളത് ഉറപ്പ് വരുത്തൽ<br>[ഭാഷണം, ലേഖനം, എഴുത്ത്]<br>• എല്ലാതലങ്ങളിലും കുട്ടിയെ എത്തിക്കാൻ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് ഉറപ്പാക്കൽ.<br>• എല്ലാ തലങ്ങളിലും കുട്ടിയെ എത്തിക്കാൻ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് ഉറപ്പാക്കൽ. |
| മാർച്ച് | • വ്യക്തിഗത രചനയെ പ്രോത്സാഹിപ്പിക്കൽ<br>• കൂട്ടുകാർക്ക് കത്തെഴുതാം. കുട്ടികൾ ഇൻലന്റിൽ കത്തെഴുതുന്നു.<br>• വീട്ടുവായന- കൂട്ടുവായന, നാട്ടുവായന, അമ്മവായന, ചിത്രവായന, ഇ-വായനയെ പ്രോത്സാഹിപ്പിക്കൽ.<br>• ക്ലാസ് ലൈബ്രറി- സ്കൂൾ ലൈബ്രറി കൂടുതൽ ശക്തമാക്കൽ.<br>• നവ മാധ്യമങ്ങളിലും പിടിഎ മീറ്റിങ്ങിലും അവതരിപ്പിക്കുന്നതിന് അവസരമൊരുക്കൽ. |

# English

| Month | Activities |
|---|---|
| June | • Interaction with the Students word making using the letter cards, matching Sentence strips, pictures of fruits and vegetables and models. |
| July | • Reading and writing, description. conversation, identify the rainbow colours, using prepositions and directions, project. |
| August | • Pictures of birds, models, Sing the song, food, picture of a rainbow |
| September | • Matching the characters with the events, rain, variety of trees, leaf album. |
| October | • Understand about the forest animals, their sounds, food, trees, description about the animals, english assembly. |
| November | • Sing the Songs, classification of animals, the difference of jungle and forest. The fight between the animals. |
| December | • Understand the neighbour hood and games. Play word games. |

| Month | Activities |
| --- | --- |
| January | • Self introduction and introduce family. Description about animals and birds. |
| February | • Write descriptions, thoughts, conversations and simple stories. |
| March | • Introducing story charts, write short stories, tick true or false, edit the false statements and matching the sentences. |
| | |

# ഗണിതം

## ആമുഖം

ഗണിത പഠനം രസകരവും ആസ്വാദ്യകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് ഉല്ലാസഗണിതം പദ്ധതിയും മുന്നോട്ട് വന്നത്. ഓരോ പഠനനേട്ടത്തിലൂടെയും ഗണിതാശയങ്ങൾ ഉൾക്കൊണ്ട് തന്നെയാവണം കുട്ടി പഠിക്കേണ്ടത്. അതിനുള്ള ഒരു മാർഗ്ഗ സഹായിയാണ് അക്കാദമിക മാസ്റ്റർ പ്ലാൻ.

## പ്രവർത്തന ലക്ഷ്യം

- സങ്കലനം, വ്യവകലനം, പ്രശ്നാപഗ്രഥനം എന്നിങ്ങനെയുള്ള ശേഷി ഉറപ്പാക്കൽ.
- വിവിധ തരം രൂപങ്ങൾ തിരിച്ചറിഞ്ഞ്, നിത്യജീവിതത്തിൽ രൂപങ്ങളുടെ പ്രാധാന്യം മനസ്സിലാക്കൽ.
- ഗണിത കിറ്റ് ഉപയോഗിച്ച് ഗണിതാശയങ്ങൾ ഉറപ്പിക്കൽ.
- ഒരു നിശ്ചിത സംഖ്യയിൽ നിന്ന് ക്രമമായി എണ്ണുന്നു, എഴുതുന്നു.
- ഒരു സംഖ്യയോട് മറ്റൊന്ന് കൂട്ടിയാൽ വ്യത്യസ്ത രീതിയിൽ ഉത്തരത്തിൽ എത്തിച്ചേരാം എന്ന ആശയം മനസ്സിലാക്കൽ.
- പ്രായോഗിക ഗണിത പ്രശ്നങ്ങൾ പരിഹരിക്കുന്നു. വ്യത്യസ്ത രീതിയിൽ പ്രയോജനപ്പെടുത്തുന്നു.

## മുന്നൊരുക്കം

ഗണിതാശയങ്ങളിൽ കുട്ടി കൈവരിച്ച തിരിച്ചറിയൽ പ്രവർത്തനങ്ങൾ നടത്തുന്നു.

| മാസം | പ്രവർത്തനങ്ങൾ |
| --- | --- |
| ജൂൺ | • വിവിധ പാറ്റേണുകളിലെ സംഖ്യാബോധം കണ്ടെത്തൽ.<br>1, 2, 3, 4 .....<br>1, 3, 5, 7 .....<br>10, 20, 30, 40 .....<br>5, 10, 15, 20 .....<br>• നിത്യ ജീവിതവുമായി ബന്ധപ്പെട്ട് വിവിധതരം രൂപങ്ങളെ പരിചയപ്പെടൽ.<br>• രൂപങ്ങൾ ഉപയോഗിച്ച് പാറ്റേണുകൾ, ചിത്രങ്ങൾ എന്നിവ [illegible] |
| ജൂലൈ | • സംഖ്യകളെ അക്കത്തിലും അക്ഷരത്തിലും മനസ്സിലാക്കൽ (1-50)<br>• വിവിധ രീതികളിലൂടെ സംഖ്യകളെ കണ്ടെത്തൽ (വ്യാ. വ്യാ. നിക്കുന്നു)<br>• ഗണിത കിറ്റ് എല്ലാ കുട്ടികളിലും ഉറപ്പാക്കൽ. |
| ആഗസ്റ്റ് | • വിവിധ പാറ്റേണുകൾ രൂപീകരിക്കൽ<br>• പത്തിന്റെയും ഒന്നിന്റെയും കൂട്ടങ്ങൾ ചേർന്ന് രണ്ടക്ക സംഖ്യകൾ രൂപീകരിക്കൽ<br>• ഒരു കൂട്ടം വസ്തുക്കളോട് അതേ ഇനത്തിൽ പെട്ട മറ്റൊരു കൂട്ടം വസ്തുക്കൾ ചേർന്ന് ആവശ്യാനുസരണം തുടർച്ചയായി എണ്ണി ആകെ എണ്ണം പറയൽ. |

| മാസം | പ്രവർത്തനങ്ങൾ |
|---|---|
| സെപ്റ്റംബർ | • ഒരു സംഖ്യയോട് 1 കൂട്ടുമ്പോൾ തൊട്ടടുത്ത സംഖ്യയും, 1 കുറച്ചാൽ തൊട്ട് മുന്നുള്ള സംഖ്യയും കിട്ടും എന്ന തിരിച്ചറിവ് ഉണ്ടാക്കൽ.<br>• വില വിവരപ്പട്ടിക തയ്യാറാക്കൽ<br>• ക്ലാസിലൊരു കട, സ്കൂളിലൊരു കട, ഗണിതാശയങ്ങൾ പ്രായോഗിക രീതിയിലൂടെ ഉറപ്പിക്കൽ. |
| ഒക്ടോബർ | • സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ.<br>• രണ്ടക്ക സംഖ്യകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യുന്നു. (രണ്ടക്ക സംഖ്യയിൽ നിന്നും ഒരക്ക സംഖ്യയുടെ വ്യവകലനം, രണ്ടക്ക സംഖ്യകൾ തമ്മിൽ സങ്കലനം, വ്യവകലനം.) |
| നവംബർ | • സ്ഥാനവില തിരിച്ചറിയൽ (ഒന്ന്, പത്ത്)<br>• "ക്ലാസിനൊരു കട" കളിയിലൂടെ പ്രശ്നം നിർധാരണം ചെയ്യൽ.<br>• 5....10....15....20....25 (5 വീതം കൂട്ടിയാൽ പ്രശ്ന വിശകലനം) |
| ഡിസംബർ | • കളി നോട്ടുകളിലൂടെ വിവിധ തരം നോട്ടുകൾ പരിചയപ്പെടുന്നു.<br>• കളിനോട്ടുകൾ പേപ്പർ ഉപയോഗിച്ച് വെട്ടി തയ്യാറാക്കി പ്രായോഗിക പ്രശ്ന പരിഹരണം നടത്തുന്നു.<br>• നോട്ടുകളും നാണയങ്ങളും തിരിച്ചറിയൽ. |

| മാസം | പ്രവർത്തനങ്ങൾ |
|---|---|
| ജനുവരി | • ഗണിതം ആസ്വാദ്യകരമാക്കാൻ ഇടവേളകളിൽ ഗണിത പാട്ടുകൾ പാടൽ (ഒന്നാം നാൾ ഉല്ലാസ യാത്ര പോയപ്പോൾ)<br>• വില വിവരപ്പട്ടിക തയ്യാറാക്കൽ. വിവരങ്ങൾ ക്രോഡീകരിച്ച് പട്ടികപ്പെടുത്തൽ, പട്ടികയിലെ വിവരങ്ങൾ കണ്ടെത്തി പ്രശ്നം നിർധാരണം ചെയ്യാൻ കണ്ടെത്തിയ രീതികൾ. |
| ഫെബ്രുവരി | • സ്ഥാനവില പ്രശ്നം പരിഹരിക്കുന്നതിനായി സ്ഥാനവില പോക്കറ്റ്, അബാക്കസ് നിർമ്മിക്കൽ.<br>• രണ്ടക്ക സംഖ്യകളുടെ തുക കണ്ടെത്താനായി വ്യത്യസ്ത രീതികൾ ഉപയോഗിക്കുന്നു.<br>• സങ്കലന വ്യവകലന ക്രിയകൾ ഉൾപ്പെടുന്ന പ്രായോഗിക പ്രശ്നങ്ങൾ നിർധാരണം ചെയ്യൽ.<br>• ഉല്ലാസ ഗണിതം മെറ്റീരിയൽസ് ഉപയോഗിച്ച് ഗണിത പ്രശ്നങ്ങൾ പരിഹരിക്കൽ ഗണിത പഠനം കളി രീതിയിൽ ഉറപ്പാക്കി വിജയം കൈവരിക്കൽ. |
| മാർച്ച് | • കലണ്ടർ പതിപ്പ് തയ്യാറാക്കൽ<br>• കലണ്ടറിൽ ചുവന്ന അക്കങ്ങളും കറുത്ത അക്കങ്ങളും തിരിച്ചറിയൽ<br>• കലണ്ടർ സംഖ്യകൾ ഉപയോഗിച്ച് പാറ്റേണുകൾ കണ്ടെത്തൽ<br>• കലണ്ടർ നോക്കി സംഖ്യകൾ താരതമ്യം ചെയ്യൽ.<br>• ഗണിതാശയങ്ങൾ പ്രായോഗിക പ്രശ്നത്തിലൂടെ കൈകാര്യം ചെയ്യൽ. |

# പരിസരപഠനം

**പ്രവർത്തന ലക്ഷ്യം**

ചുറ്റുപാടും നിരീക്ഷിച്ച് സസ്യങ്ങളുടെയും ജീവികളുടെയും പ്രത്യേകതകൾ കണ്ടെത്തുന്നു.

| മാസം | പ്രവർത്തനങ്ങൾ |
|---|---|
| ജൂൺ | • ജൂൺ 5 പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടൽ. എല്ലാ കുട്ടികൾക്കും വൃക്ഷത്തൈകൾ വിതരണം ചെയ്യുന്നു.<br>• മഴക്കവിതകൾ, പഴഞ്ചൊല്ലുകൾ, കടങ്കഥകൾ എന്നിവ ശേഖരിക്കുന്നു. |
| ജൂലൈ | • കൃഷിയുമായി ബന്ധപ്പെട്ട് കൃഷിപ്പാട്ടുകൾ, കർഷകരുമായി അഭിമുഖം.<br>• വയലിലേക്ക് ഒരു ഫീൽഡ് ട്രിപ്പ്.<br>• വീട്ടിലൊരു കൃഷിത്തോട്ടം. |
| ആഗസ്റ്റ് | • വിവിധതരം ഇലകൾ ശേഖരിച്ച് ക്ലാസിൽ കൊണ്ടുവരുന്നു. അവയുടെ പേരുകൾ തിരിച്ചറിയുന്നു.<br>• ഏതൊക്കെ ഇലകളാണ് കറികളായി ഉപയോഗിക്കുന്നത്. ക്ലാസിൽ ചർച്ച ചെയ്ത് കുട്ടികൾ മനസ്സിലാക്കുന്നു. |
| സെപ്തംബർ | • പരിസ്ഥിതിയെ സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയെ കുറിച്ച് മനസ്സിലാക്കുന്നു.<br>• ചുറ്റുപാടും നടക്കുന്ന പരിസരമലിനീകരണങ്ങൾ കണ്ടെത്തി അവ തടയാനുള്ള മാർഗങ്ങൾ ക്ലാസിൽ ചർച്ചചെയ്ത് കണ്ടെത്തുന്നു. |

| മാസം | പ്രവർത്തനങ്ങൾ |
| --- | --- |
| ഒക്ടോബർ | • വിവിധതരം ഭക്ഷ്യവസ്തുക്കൾ, വിഭവങ്ങൾ<br>• പച്ചക്കറിത്തോട്ടം |
| നവംബർ | • സാലഡ് നിർമ്മാണം<br>• വേവിച്ച് കഴിക്കുന്നവ / വേവിക്കാതെ കഴിക്കുന്നവ<br>• ആരോഗ്യ ശീലങ്ങൾ |
| ഡിസംബർ | • ആരോഗ്യം / വ്യായാമം കളി<br>• ശരീരം / സുരക്ഷിത സ്പർശം.<br>• വസ്ത്രം. |
| ജനുവരി | • റോഡ് / കാൽനട യാത്ര, വാഹനയാത്ര, അടയാള വിളക്കുകൾ<br>• പ്രഥമശുശ്രൂഷ / പ്രാധാന്യം, ഗുണം, ഉപയോഗം. |
| ഫെബ്രുവരി | • ഭൂമി, ഗ്രഹങ്ങൾ, സൂര്യൻ, ചന്ദ്രൻ<br>• ആകാശം<br>• ഇന്ത്യ<br>• കേരളം<br>• ജില്ലകൾ |
| മാർച്ച് | • കൂട് / വീട്<br>• ജോലികൾ<br>• വീട് നിർമ്മാണ ജോലി<br>• വീട് നിർമ്മാണ വസ്തുക്കൾ<br>• പൊതു സ്ഥാപനം / സേവനം. |

# Academic Master Plan

2025-26

STD - III

English : Master Plan

Aim : To speak, read, write english without any mistakes.

Time : June to March

To check the vocabulary and writing skills of pupils.

*Activities:*

**June & July**

Pre test

**To develop listening skills and reading skills.**

***Listening skills***

- Games, Action songs
- Hello English activities
- Conversations
- Skit stories
- Use ICT

***Speaking Skills***

- Identify the naming words from the picture.
- Identify the action words from the picture
- Make the simple sentences using the word about picture.
- Growing sentences, picture reading, self introductions

**August & September**

**Develop the creative speaking and writing**

***Reading Skills***

- Books reading
- Find words
- Collect and read past tense
- rhyming words
- T.B activities

***Writing Skills***

- Make word web
- Picture description
- Word chain

- Make words & Sentences
- Make riddles, conversations
- Add more lines

**October & November**

**To express thoughts feelings etc.**

***Reading skills***

- Library book reading
- Conversation skit stories use ICT read notice.
- Develop story

***Writing Skills***

- Description
- Thoughts

**December & January**

**Develop the creative speaking and writing**

***Reading skills***

- Library book reading
- Conversation skit stories use ICT read notice.
- Develop story
- Read diary

***Writing Skills***

- Diary
- Announcement

**February & March**

**To improve he presentation power.**

***Reading skills***

- Library book reading
- Conversation skit stories
- Develop story
- Read diary

***Writing Skills***

- Diary
- Description
- Thoughts
- Exibition

# മലയാളം

## ലക്ഷ്യങ്ങൾ

പാഠ്യപദ്ധതി ലക്ഷ്യങ്ങളെ മുൻനിർത്തി എന്റെ കുട്ടികൾ എല്ലാവരും

- സംഘപ്രവർത്തനങ്ങളിലേർപ്പെട്ട് ജനാധിപത്യ മൂല്യങ്ങൾ സ്വാംശീകരിക്കും. അവ ജീവിത സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കും.
- കവിതകളും, പാട്ടുകളും ആശയ വ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കും.
- ആസ്വദിച്ച ഭാവഘടകങ്ങൾ (കഥ, കവിത, നാടൻപാട്ട്, കടങ്കഥ, പഴഞ്ചൊല്ല് മുതലായവ) ഹൃദിസ്ഥമാക്കുകയും പുതിയ സന്ദർഭങ്ങളിൽ ഉചിതമായി പ്രയോഗിക്കുകയും ചെയ്യുന്നു.
- ലഘുവായ സർഗാത്മക രചനകൾ നടത്തും (കഥ, ഡയറി, കവിത)
- കഥകളെയും, കവിതകളേയും മറ്റും നാടകം, പാവ നാടകം, ചിത്രീകരണം, റീഡേഴ്സ് തിയേറ്റർ തുടങ്ങിയ രീതികളിൽ ആവിഷ്കരിക്കും.
- ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി ആവിഷ്കരിക്കും. (വിവരണം, സംഭാഷണം)

***ജൂൺ-ജൂലായ്***

**1. കനകച്ചിലങ്ക**

- നാടൻ പാട്ടുകൾ ശേഖരണം
- പഴഞ്ചൊല്ലുകൾ ശേഖരണം
- കഥാശേഖരം
- നാടൻപാട്ടിലെയും കവിതയിലെയും താളം (കവിത ചൊല്ലൽ, ശില്പശാല)
- കഥോത്സവം (നാടൻ കഥകളുടെ അവതരണ ശിൽപശാല)
- കടങ്കഥകൾ അവതരണം - കടങ്കഥ പാട്ടുകൾ, കടങ്കഥ പതിപ്പ്
- കഥയിലെ കേമൻ - കലാകാരനെ പരിചയപ്പെടാം
- കലാരൂപങ്ങൾ വേഷവിധാനം

*ആഗസ്റ്റ് - സെപ്തംബർ*

പലഹാരപൊതി

- കുട്ടികൾ വരച്ച ചിത്രങ്ങളുള്ള പുസ്തകങ്ങൾ ലൈബ്രറിയിൽ ഒരുക്ക വയ്ക്കൽ
- നാടക ശിൽപശാല
- കത്തുകൾ മാതൃകകൾ
- ഹരിതകർമ്മ സേന അംഗങ്ങളുമായി അഭിമുഖം
- സ്കൂൾപത്രം
- ആഹാരവുമായി ബന്ധപ്പെട്ട പാട്ടുകൾ അവതരണം
- സി.പി.ടി.എ ഒന്നാം മികവുത്സവം
- നാടോടികഥകളുടെ അവതരണം
- നാടൻ പാട്ടുകളുടെ അവതരണം

*ഒക്ടോബർ*

മനുഷ്യന്റെ കൈകൾ

- കൃഷിയുടെ സന്ദർശനം
- കൃഷിപ്പാട്ടുകൾ, കൃഷി ചൊല്ലുകൾ അവതരണം
- കുട്ടികളികൾ - കുട്ടിക്കാലത്തെ കളി വിവരണം -ചർച്ച
- നാടൻ പാട്ട്

പാഠം

നവംബർ - ഡിസംബർ.

: പ്രവൃത്തി

* ഗാനാനുഭവം

* കവിതകൾ

* കഥ

* റോൾ പ്ലേ.

* വായന കുറിപ്പ്

* പോസ്റ്റർ

ജനുവരി - മാർച്ച്

* കവിത

* ഭാഷ / വിവിധതരം ഭാഷകൾ [illegible]

* കഥ.

* അനുഭവ കുറിപ്പ്

# ഗണിതം

ആസ്വദിച്ച് പഠിക്കാൻ കഴിഞ്ഞാൽ എളുപ്പത്തിൽ മനസ്സിലാക്കാൻ കഴിയുന്ന വിഷയമാണ് ഗണിതം. പ്രവർത്തങ്ങളെ കളികളായും സർഗാത്മക പ്രവർത്തനങ്ങളായും കണ്ണിച്ചേർത്തുകൊണ്ടാണ് ഗണിതപഠനം എന്ന രീതിയിലാണ് മൂന്നാം ക്ലാസ്സിൽ അവതരിപ്പിക്കുന്നത്. കുട്ടികളുടെ താൽപര്യവും ജിജ്ഞാസയും വളർത്താൻ ഉതകുന്നവിധം പ്രവർത്തനങ്ങൾ ക്രമപ്പെടുത്തിയിട്ടുണ്ട്. യുക്തചിന്ത വിശകലനാത്മക ചിന്ത, പ്രശ്ന പരിഹാരം എന്നീ ശേഷികൾ കുട്ടികളിൽ രൂപപ്പെടുന്നതിന് ജ്യാമിതി സഹായകരമാണ്. അമൂർത്തമായ ആശയങ്ങൾ കൈകാര്യം ചെയ്യുന്നതിന് ജ്യാമിതി ഉപകാരപ്രദമാണ്.

ഒരക്കം മുതൽ മൂന്നക്കംവരെയുള്ള സംഖ്യകളെ കുട്ടികൾ ഇതിനോടകം തന്നെ പരിചയപ്പെട്ടിട്ടുണ്ട്. 2000വരെയുള്ള സംഖ്യകൾ പറയുക, വായിക്കുക, എഴുതുക എന്നീ ശേഷികൾ നേടാനും നിത്യജീവിതത്തിന്റെ ഭാഗമായി നാണയങ്ങളും നോട്ടുകളും കൈകാര്യം ചെയ്യേണ്ടിവരുന്ന പ്രായോഗിക സന്ദർഭങ്ങളിൽ അത് ഉപയോഗപ്പെടുത്താനും മൂന്നാം ക്ലാസ്സിൽ പഠനം ലക്ഷ്യം വെക്കുന്നു.

നിത്യജീവിത സന്ദർഭങ്ങളിലെ മൂന്നക്കസംഖ്യകളുടെ സങ്കലനക്രിയ ഉൾക്കൊള്ളുന്ന പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്ത് നിർധാരണം ചെയ്യുന്നതിനുള്ള ശേഷി കൈവരിക്കുന്നതിന് മൂന്നാം ക്ലാസ്സിൽ ലക്ഷ്യമിടുന്നു.

മനഃഗണിതത്തിനുള്ള പ്രാധാന്യം നൽകിയുള്ള പ്രവർത്തനങ്ങളുടെ സാധ്യതകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

നീളം അളക്കുന്നതിനുള്ള ഏകകങ്ങളായ സെന്റീമീറ്റർ, മീറ്റർ എന്നിവ പരിചയപ്പെടുന്നതിന് അവസരം ഒരുക്കിയിരുന്നു. സ്കെയിൽടാപ്പ് എന്നിവ ഉപയോഗിച്ച് നീളം കൃത്യമായി അളക്കാൻ ഉള്ള അവസരമാണ് കുട്ടികൾ ഒരുക്കുന്നത്. ഈ യൂണിറ്റുകൾ തമ്മിലുള്ള പരസ്പര ബന്ധം കണ്ടെത്താൻ പ്രായോഗിക പ്രശ്നങ്ങളിലൂടെ നിർദ്ധാരണത്തിനുള്ള അവസരം ഒരുക്കുന്നു.

9 വരെയുള്ള സംഖ്യകളുമായി ബന്ധപ്പെട്ട ഗുണന വസ്തുതകൾ സംബന്ധിച്ച ധാരണ കൈവരിക്കുന്നതിന് ലക്ഷ്യമിടുന്നു. പ്രായോഗിക പ്രശ്നങ്ങളും യൂണിറ്റിൽ അവതരിപ്പിക്കുന്നു. ഗുണനവും ചിന്തയോടൊപ്പം ഗുണന ചിന്തയും.

*ജൂൺ - ജൂലായ്*

**യൂണിറ്റ് -1 രൂപങ്ങൾ വരയ്ക്കാം**

ജ്യാമിതീയ രൂപങ്ങൾ തിരിച്ചറിയൽ ചതുരം, വട്ടം, ത്രികോണം എന്നീ രൂപങ്ങൾ തിരിച്ചറിഞ്ഞ് രേഖപ്പെടുത്താൻ തോരണം നിർമ്മാണം. തോണി നിർമ്മാണം, വെജിറ്റബിൾ പ്രിന്റിംഗ്, ചതുരം, വട്ടം, ത്രികോണം എന്നീ രൂപങ്ങൾ ചേർത്തുവെച്ച് ഇഷ്ടപ്പെട്ട രൂപം കുട്ടികൾ നിർമ്മിക്കുന്നു.

*ജൂലായ് - ആഗസ്റ്റ്*

ഓരോ കുട്ടിക്കും കണക്കുപെട്ടി ഗണിത ശിൽപ്പശാല നിർമ്മിക്കേണ്ടത്. 1 മുതൽ 100 വരെ എഴുതിയ ടോക്കൺ നോട്ടുകൾ, കമ്പ് കെട്ടുകൾ, സംഖ്യാ സ്ട്രിപ്പുകൾ, അബാക്കസ് നിർമ്മാണം.

*ആഗസ്റ്റ് - സെപ്തംബർ*

പ്രായോഗിക പ്രശ്നങ്ങളുടെ നിർദ്ധാരണം

*ഒക്ടോബർ*

സ്കെയിൽ നിർമ്മാണം, കുട്ടികളുടെ ഉയരം, വണ്ണം, തൂക്കം ക്യാമ്പ്.

*നവംബർ - ഡിസംബർ*

ഗുണന വസ്തുത കാർഡ് നിർമ്മാണം

ഡിസംബർ - ജനുവരി

* പ്രായോഗിക പ്രശ്നങ്ങൾ വിശകലനം ചെയ്ത് ദ്വിമാനക്രിയ ഉപയോഗിച്ച് നിർധാരണം ചെയ്യൽ

അബാക്കസ് നിർമ്മാണം

* സമയം അറിയുന്നതിന് അംഗീകൃത ഉപകരണങ്ങൾ ഉണ്ട് ക്ലോക്ക് നിർമ്മാണം

ജനുവരി - ഫെബ്രുവരി

* ഗുണനക്രിയയിലെ സംഖ്യകൾ മാറിയാലും ഗുണനഫലത്തിന് മാറ്റം വരുന്നില്ല. പ്രായോഗിക സന്ദർഭങ്ങളിൽ പ്രശ്ന പരിഹാരത്തിന് ഗുണന വസ്തുതകൾ ഉപയോഗിക്കുന്നു.

പാറ്റേൺ തയ്യാറാക്കൽ.

* ഒരു നിശ്ചിത എണ്ണത്തെ തുല്യമായി വിഭജിക്കുന്നതിന് ഹരണക്രിയ ഉപയോഗിക്കുന്നു. ഗെയിം കാർഡ്, വരന്തിക്കളി, കുടിവണ്ടി.
* ഉള്ളളവ് അളക്കുന്നതിന് അംഗീകൃതമായ ഉപകരണങ്ങളുണ്ട് അളവ് പാത്രം, സിറിഞ്ച്

ഫെബ്രുവരി / മാർച്ച്

* വിവരങ്ങൾ തരംതിരിച്ച് പട്ടികപ്പെടുത്തുന്നു

വിവിധതരം പട്ടങ്ങൾ

പാത്രങ്ങൾ.

# പരിസരപഠനം

കുട്ടികളിലെ നിരീക്ഷണ പാടവം വളർത്തുന്നതിനാണ് പരിസരപഠനം പ്രധാനമായും ലക്ഷ്യം വഹിക്കുന്നത്. തന്റെ ചുറ്റുപാടുമുള്ള കാര്യങ്ങൾ നിരീക്ഷണ ബുദ്ധിയോടെ നോക്കികാണുകയും അതിലെ കാര്യങ്ങൾ മനസ്സിലാക്കാൻ ശ്രമിക്കുകയും ചെയ്യുന്നു. സസ്യങ്ങൾ എല്ലാം ഒരുപോലെയല്ല എന്നും അവയിൽ പലതരത്തിലുള്ള മാറ്റങ്ങൾ കാണാൻ സാധിക്കുമെന്നും കുട്ടികൾക്ക് മനസ്സിലാക്കാൻ സാധിക്കുന്നു. സസ്യങ്ങളിൽ തന്നെ ഔഷധി, ചെറിയ ചെടികൾ, മരങ്ങൾ, വള്ളിച്ചെടികൾ, ജലത്തിൽ ഉണ്ടാവുന്നവ, അതിന്റെ പ്രത്യേകതകൾ, ഘടനയിലുള്ള വ്യത്യാസം എന്നിവ കുട്ടികൾ മനസ്സിലാക്കുന്നു. ചെടിയുടെ ഭാഗങ്ങൾ കൃത്യമായി അടയാളപ്പെടുത്തുക,.

നമ്മുടെ പരിസരത്തും ചുറ്റുപാടിലും കാണുന്ന ജീവികൾ, അവയുടെ സഞ്ചാരരീതി, ഇരപിടിക്കൽ രീതി, ശത്രുക്കളിൽനിന്നും എങ്ങനെ രക്ഷ നേടുന്നു. കളർ പേപ്പറിൽ അവയുടെ രൂപങ്ങൾ നിർമ്മിക്കൽ, വിരൽ ചിത്രങ്ങൾ എന്നിവ കുട്ടികൾ ചെയ്യുന്നു. ഓരോ ജീവികളുടെ ശരീരഘടന എന്നിവയും

പലതരത്തിലുള്ള പൂമ്പാറ്റകളെ പരിചയപ്പെടൽ, അവയുടെ പേര് എന്നിവ കൂടി മനസ്സിലാക്കുന്നു.

നിത്യജീവിതത്തിൽ ജലത്തിനും മണ്ണിനും തമ്മിലുള്ള പ്രാധാന്യം കുട്ടികൾക്ക് മനസ്സിലാക്കാൻ ഇതിലൂടെ സാധിക്കുന്നു. കുട്ടികൾക്ക് ജലത്തിന്റെ പ്രാധാന്യം, അത് പാഴാക്കുന്ന സന്ദർഭങ്ങൾ മനസ്സിലാക്കാനും അതിലൂടെ ജലത്തിനെ എങ്ങനെ സംരക്ഷിക്കാമെന്നും മനസ്സിലാക്കാൻ സാധിക്കുന്നു. ജലത്തെ ശുദ്ധീകരിക്കുന്നതിനുള്ള മാർഗ്ഗം പരീക്ഷണത്തിലൂടെ കണ്ടെത്താൻ കഴിയുന്നു. അതുപോലെ തന്നെ മണ്ണിന്റെ പ്രാധാന്യം വ്യത്യസ്ത തരത്തിലുള്ള മണ്ണുകൾ എന്നിവയും മനസ്സിലാക്കാൻ സാധിക്കുന്നു. പരിസ്ഥിതിയേ സംരക്ഷിക്കുന്നതിന്റെ പ്രാധാന്യം, അതിന്റെ കുറവുമൂലം ഉണ്ടാകുന്ന ദുരന്തങ്ങൾ എന്നിവ കുട്ടികൾക്ക് മനസ്സിലാക്കാൻ സാധിക്കുന്നു.

നമ്മുടെ ജീവിതത്തിൽ ഏറ്റവും വേണ്ട കാര്യമാണ് ആരോഗ്യം. അതിൽ മുഖ്യപങ്ക് വഹിക്കുന്നത് വൃത്തി. വൃത്തിയില്ലാത്ത ആഹാരവും മറ്റും കഴിക്കുന്നതിലൂടെ പലതരത്തിലുള്ള രോഗങ്ങൾ ഉണ്ടാകുന്നു. വ്യക്തി ശുചിത്വം, പരിസര ശുചിത്വം രണ്ടും നമ്മൾ നന്നായി ശ്രദ്ധിക്കണം. വൃത്തിയാണ് നമ്മുടെ ശക്തി. വ്യക്തി ശുചിത്വത്തിലൂടെ ധാരാളം രോഗങ്ങളെ നമുക്ക് തുരത്താൻ കഴിയുന്നു. പരിസര ശുചിത്വത്തിലൂടെ നമുക്കും മറ്റുള്ളവർക്കും ഗുണമാണ്. ഇവ രണ്ടും നമ്മൾ നന്നായി ശ്രദ്ധിക്കണം.

***ജൂൺ - ജൂലായ്***

- ചുറ്റുപാടുമുള്ള സസ്യങ്ങൾ
- സസ്യത്തിന്റെ ഭാഗങ്ങൾ
- ഔഷധികൾ, കുറ്റിച്ചെടികൾ, മരങ്ങൾ എന്നിങ്ങനെ തരംതിരിക്കൽ
- വള്ളിച്ചെടികൾ, ജലസസ്യങ്ങൾ
- വിത്തിനുള്ളിലെ ജീവൻ
- പൂക്കാത്ത സസ്യങ്ങൾ
- ചുറ്റുപാടുമുള്ള ജീവജാലങ്ങളുടെ പേരുകൾ ലിസ്റ്റു ചെയ്യൽ
- ഇഴയുന്നവ, ചാടുന്നവ, നടക്കുന്നവ, പറക്കുന്നവ എന്നിങ്ങനെ തരംതിരിക്കൽ
- വിരൽ ചിത്രങ്ങൾ
- സഞ്ചാര രീതികൾക്കനുസരിച്ച് തരം തിരിക്കൽ
- ജീവകളുടെ ശരീരഘടന പ്രത്യേകതകൾ

- പൂമ്പാറ്റകളുടെ പേര്
- പൂമ്പാറ്റകളുടെ ജീവിതചക്രം

**ആഗസ്റ്റ്**

- മഴവെള്ളം ശുദ്ധീകരിക്കൽ - പരീക്ഷണം
- മഴമാപിനി നിർമ്മാണം
- ജലസ്രോതസ്സുകൾ
- ജലത്തിന്റെ ആവശ്യകതകൾ ലിസ്റ്റ് ചെയ്യൽ
- ജലശുദ്ധീകരണത്തിന്റെ ആവശ്യകത, അതിന്റെ പരീക്ഷണം
- മണ്ണിന്റെ പ്രാധാന്യം
- രൂപങ്ങൾ നിർമ്മിക്കൽ
- മണ്ണിനുള്ളിലെന്തെല്ലാം - പരീക്ഷണങ്ങൾ

**സെപ്തംബർ**

- കൈ എങ്ങനെ വൃത്തിയായി കഴുകാം
- പല്ല് എങ്ങനെ ശരിയായി തേയ്ക്കാം
- വ്യക്തി ശുചിത്വം
- പരിസര ശുചിത്വം
- ജലത്തിലൂടെ വരുന്ന രോഗങ്ങൾ
- മാലിന്യങ്ങൾ-അവയെ എങ്ങനെ തരംതിരിക്കാം.

# EVS

ഒക്ടോബർ . നവംബർ

* വിവിധതരം ഭക്ഷ്യ വസ്തുക്കൾ വിഭവങ്ങൾ
* പച്ചക്കറി തോട്ടം
* സലാഡ് നിർമാണം
* വേവിച്ച് കഴിക്കുന്നവ / വേവിക്കാതെ കഴിക്കുന്നവ
* ആരോഗ്യ ശീലങ്ങൾ

ഡിസംബർ ജനുവരി

* ആരോഗ്യം / വ്യായാമം കളി
* ശരീരം / സുരക്ഷിത സ്പർശം
* റോഡ് / കാൽനടയാത്ര ; വാഹനയാത്ര, അപകട വിളക്കുകൾ
* പോഷകഘടകങ്ങൾ / പ്രാധാന്യം , ഗുണം , ഉപയോഗം
* വസ്ത്രം

ഫെബ്രുവരി

* ഭൂമി ഗ്രഹങ്ങൾ സൂര്യൻ , ചന്ദ്രൻ
* ആകാശം
* ഊന്ന്
* കേരളം
* ജില്ലകൾ.

മാർപ്പ്

* കൂട് / വീട്
* ജോലികൾ
* വീട്ൽ നിർമാണ ജോലി
* വീട് നിർമാണ വസ്തുക്കൾ
* പൊതുസ്ഥാപനം | സേവനം.

# അക്കാദമിക
# മാസ്റ്റർപ്ലാൻ
# ക്ലാസ് – 4

മലയാളം

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതലക്കാർ | സാമ്പത്തികം |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിശീലനം നൽകി മുന്നോട്ട് കൊണ്ടുവരൽ | ലക്ഷ്യം നേടുന്നതുവരെ | SRG, ക്ലാസ് ടീച്ചർ | PTA fund |
| ആവശ്യമായ പഠന സാമഗ്രികൾ ഒരുക്കൽ | | | | |
| ക്ലാസ് വായന, ക്ലാസ്. പുസ്തക പരിചയം | | | | |
| രചനാ പരിചയം. | സാഹിത്യകാരന്മാരെ തിരിച്ചറിയൽ, വായനാശേഷി വളർത്തൽ | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ, PTA | PTA |
| പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട വിവിധ വിഡിയോകൾ സംഘടിപ്പിക്കൽ പ്രദർശിപ്പിക്കൽ. | | | | |

| പ്രവർത്തനം | ലക്ഷ്യം | കാലം | ചുമതല |
| --- | --- | --- | --- |
| ഭക്ഷ്യമേള- പാചക കുറിപ്പ് തിരട്ടിയ പാക്കിറ്റ് നിർമ്മാണം | വിവിധ വ്യവഹാര രൂപങ്ങൾ തിരിച്ചറിയൽ | 1 ആഴ്ച | ക്ലാസ് ടീച്ചർ |
| രചനാ പരിചയ കുറിപ്പ് | സാഹിത്യകാരന്മാരെ തിരിച്ചറിയൽ വായന ഉൾക്കൊണ്ട് ഉണർവ് യോട് താല്പര്യം ജനിപ്പിക്കൽ | 1 വർഷം | ക്ലാസ് ടീച്ചർ SRG PTA |

English : Master plan

Aim : To speak, read, write English with out any mistakes

Time : June to March

To check the vocabulary and writing skills of pupils

June and July

Pre test

To develop listening skills and reading skills.

Listening skills

* Games, Action songs, Small skits
* Skit -(tb)
* conversations
* ICT (AI videos

## Speaking Skills

* Identify action words from the picture
* Identify Rhyming words from the picture
* Identify naming words from the picture
* Making simple sentences about the textual pictures
* Self introduction

## August & September

Develop the creative speaking and writing.

## Reading skills

- Simple story book (library books)
- Find new words
- Collect and read past tense and present tense.

* Textbook activities. 

Writing Skills

* Make word web
* Picture description
* Word chain.
* Make riddles conversation
* Add more lines

October and November

To express thoughts feelings etc.

Reading skills

* Library books
* Develop story
* Skit

Writing Skills

* Description
* Thoughts
* Diary writing

## December & January

Develop the creative speaking and writing

- Reading Skills

* Library books
* Develop a story from given pictures
* Read TB, Newspaper, Reading Card
* Conversation (skit)

Writing Skills

* Diary
* Conversation (Skit)
* Library books
* Develop story

## February and March

* To improve the presentation power

* Reading Skills
* Library books
* Conversation (Skit)
* Reading Card, TB

Writing Skills

* Diary
* Description
* Thoughts

കളികളും ... ഗണിതവും ഗണിത

പഠനം

## പ്രവർത്തനം

വിവിധതരം കളികൾ അനുകരണം
ചെയ്യൽ നടപ്പാക്കൽ

## ലക്ഷ്യം

ഗണിത പഠനം രസകരമാക്കൽ
(പ്രക്രിയകൾ എളുപ്പമാക്കൽ)

## കാലയളവ്

വർഷം
മുഴുവൻ

ജൂൺ - ജൂലൈ

യൂണിറ്റ് - 1

ജ്യാമിതീയ രൂപങ്ങൾ തിരിച്ചറി
യൽ, ചതുരം, ചതുരക്കട്ട,
ദീർഘസ്തൂപിക, സമചതുരക്കട്ട
ഗോളം - തിരിച്ചറിഞ്ഞ് ശേഖ
രിക്കൽ. ടാൻഗ്രാം - നിർമ്മാണം..

ജൂലൈ – ആഗസ്റ്റ്

ഓരോ കുട്ടിക്കും 1000 മുതൽ 2000 വരെ എഴുതിയ ടോക്കൺ നോട്ടുകൾ നൽകൽ – അബാക്കസ് നിർമ്മാണം (മുത്തുകൾ)
അരവിന്ദ് ഗുപ്താ കാർഡ് ഉപയോഗിച്ച് 1000 മുതലുള്ള സംഖ്യാ നിർമ്മാണം.

ആഗസ്റ്റ് – സെപ്തംബർ

പ്രായോഗിക പ്രശ്ന നിർധാരണം.

ഒക്ടോബർ

ഗണിത പാർക്ക് → ഗണിതോപകരണം സജ്ജമാക്കൽ, ഉപയോഗപ്പെടുത്തൽ

മൂല്യനിർണയം (എഴുതിയും വായിച്ചും, ഡയസ് കളി സങ്കലനം, വ്യവകലനം കച്ചവടക്കളി

## നവംബർ - ഡിസംബർ

ഗുണന വസ്തുത കാർഡ് നിർമ്മാണം.
ഗുണനത്തിലേക്ക് കുട്ടികളെ നയി
ക്കുന്ന ഗുണന കേളികൾ.

## ജനുവരി, ഫെബ്രുവരി, മാർച്ച്

സമയവുമായ് ബന്ധപ്പെട്ടത്,
ഭാരം, നീളം ഉള്ളളവുമായ്
ബന്ധപ്പെട്ട ഗണിത
കേളികൾ.

## പരിസരപഠനം

പ്രവർത്തനം ജൂൺ ജൂലൈ

പ്രകൃതി നടത്തം → നിരീക്ഷണം, അറിവ് നിർമ്മാണം

* ചുറ്റുപാടുകളെ ജീവജാലങ്ങൾ
* കരയിലും, വെള്ളത്തിലും, വെള്ളത്തിലും കരയിലും ജീവിക്കുന്നവ.
* ജല സസ്യങ്ങൾ - നിരീക്ഷണം അനുകൂലനങ്ങൾ കണ്ടെത്തൽ.
* ജീവനുള്ളവ ഇല്ലാത്തവ പരസ്പരാശ്രയത്വം.
* ജീവികൾ തമ്മിലുള്ള പരസ്പരാശ്രയത്വം
* പ്രകൃതി ദുരന്തങ്ങൾ - ചർച്ച. കാരണം -
*

ആഗസ്റ്റ് - സെപ്റ്റംബർ

· സ്വാതന്ത്ര്യ സമരസേനാനികളുടെ ചിത്ര ശേഖരണം.

ഇന്ത്യ എന്ന നമ്മുടെ രാജ്യത്ത്.

സ്വാതന്ത്ര്യമായി ഇന്ന് നമ്മെ ജീവി-
ക്കുവാൻ പോരാട്ടങ്ങളിൽ ഒരു
സാക്ഷികളായി തീരേണ്ടി വന്ന
സ്വാതന്ത്ര്യ സമര സേനാനികളെ..
ചർച്ച

ഒക്ടോബർ, നവംബർ

* നമ്മുടെ വിവിധ സംസ്ഥാനങ്ങളിലെ കലാരൂപങ്ങൾ (ഇന്ത്യ)

സംസ്ഥാനങ്ങൾ, കേന്ദ്രഭരണ പ്രദേശങ്ങൾ - വിവരശേഖരണം.

* പക്ഷികൾ വിവിധതരം - ദേശാടന കിളികൾ - ചർച്ച.

AI Video ICT, പ്രോജക്ടുകൾ.

*

ഡിസംബർ

പ്രഥമശുശ്രൂഷ കിറ്റ് പരിചയപ്പെടൽ,
പ്രഥമ ശുശ്രൂഷ - ചർച്ച.
വിവിധ അപകടങ്ങളും പ്രഥമശുശ്രൂഷയും.

## ജനുവരി

പരീക്ഷണങ്ങൾ

വായു, ജലം,

ജല സംഭരണി ചെയ്യുവാൻ സ്ഥലം,
ആഹാരം, എന്നിവയും ബന്ധപ്പെ
ടുത്തി പരീക്ഷിക്കുന്ന നിരീക്ഷിക്കുന്ന
ങ്ങൾ.

## ഫെബ്രുവരി.

ഗ്രഹങ്ങൾ, നക്ഷത്രങ്ങൾ,
കൃത്രിമ ഉപഗ്രഹങ്ങൾ,
ഉപഗ്രഹങ്ങൾ - ICT
ചിത്രങ്ങൾ ശേഖരിക്കൽ,
ആൽബം തയ്യാറാക്കൽ

## മാർച്ച്

നമ്മുടെ നാടിനെ അറിയുക
- പഞ്ചായത്ത്, കോർപ്പ
റേഷൻ - ഭരണാധികാരി
കൾ - ഭരിക്കുന്നവർ
- വോട്ട് ചെയ്യൽ - ICT

* കൂട്ടമൊഴികൾ, കൂട്ടവായന, വായന, സൂചിക

ശാസ്ത്രക്ലബ് - ശാസ്ത്രപഠനം ലളിതവും രസകരവുമാക്കുന്നു.